പെരുവനം ക്ഷേത്ര ഗ്രന്ഥവരി

ഹരി: ഒന്നാമതു് പെരുവനത്തു് ഇരട്ടയപ്പൻ പൂത മഹർഷി തപസ്സുചെയ്തു് വന്നിരുന്ന സ്ഥലത്തു് മഹർഷിക്കു പ്രത്യക്ഷമായി ആ മഹർഷി പ്രതിഷ്ഠിച്ചതാകുന്നു. ഗ്രാമ ക്ഷേത്രമായിട്ടു് ഗ്രാമജനങ്ങൾക്കു് സേവിപ്പാനായിട്ടു് പരശുരാമ മഹർഷി നിയോഗിച്ചിരിക്കുന്നതാകുന്നു.

രണ്ടാമതു് ആ ക്ഷേത്രം പെരുമ്പടപ്പു് രാജ്യത്താകുന്നു.

മൂന്നാമതു് പെരുവനം ഗ്രാമത്തിൽസഭയും ഊരാണ്മയും രണ്ടായിട്ടു് ഏത്രെ ഗ്രാമജനങ്ങൾക്കു് ആകുന്നതു്. ഗ്രാമത്തിന്നു് അകത്തു് 21 ദേശവും ഗ്രാമത്തിന്നു പുറത്തു 21 ദേശവും ഇങ്ങനെ 42 ദേശത്തു് ഉള്ളവരു് സഭായോഗമാകുന്നു.

നാലാമതു് പെരുവനം ക്ഷേത്രത്തുങ്കൽ ചിററൂരു് നമ്പൂതിരിയും അവണാവു് നമ്പൂതിരിയും കരവട്ടാവണാവു് നമ്പൂതിരിയും ഈ മൂന്നു പേക്കും ക്ഷേത്രത്തിങ്കലെ ഊരാണ്മയാകുന്നു. ഊരാളരുടെ ക്ഷേത്രവുമല്ല. ക്ഷേത്രത്തുങ്കൽ തന്ത്രം കുന്നത്തൂർ ഭട്ടതിരിക്കും കിഴക്കേടത്തു് ഭട്ടതിരിക്കുംകൂടി ആകുന്നതു്. പട്ടണി നമ്പിക്കുറു് വടക്കേടത്തും തെക്കേടത്തും കടലായി നമ്പൂതിരിയ്ക്കും ഉള്ളനൊട്ടരെ നമ്പൂതിരിക്കുംകൂടി ആകുന്നതു്. ഭാരതഭട്ടതിരി മേലഴിയത്തും കീഴെയഴിയത്തും ഭട്ടതിരിയ്ക്കും ആകുന്നതു്.

Granthavari of 898ME of Peruvanam Temple

തുക്കൊൽ പ്രവൃത്തി കാര്യമയായിട്ടു മൂത്തേടത്തും പിച്ചകശ്ശേരിയും അക്കരമുററത്തും കരത്ത മററത്തിലും മൂത്തതിന്മാർക്കാകുന്നു. ആയതിൽ മൂത്തെടത്ത മൂത്തതും പിച്ചകശ്ശേരി മൂത്തതും സഭായോഗത്തുങ്കലെ കയ്ക്കാരായിട്ടുള്ളതിൽ മൂത്തേടത്തു മൂത്തതിന്നു മുമ്പും കയ്യും പട്ടോലയും ആകുന്നു. അക്കര മൂത്തതിൽ കരത്തമൂത്തതും കരത്തമുററത്തിൽ മൂത്തതും സഭയിലെ കയ്ക്കാരായിട്ടുള്ളതിൽ അക്കരമുററത്തിൽ മൂത്തതിന്നു കയ്യികളെ ചാർത്തുവാനും മററം മുമ്പും കയ്യും പട്ടോലയും ആകുന്നു. അടിച്ചുതളിക്കഴകം കാര്യമയായിട്ടു് പടിഞ്ഞാത്ത പുഷ്പവാരഃക്കും രാമൻകണ്ടത്ത പുഷ്പവാരഃക്കുംകൂടി ആകുന്നു. മാലക്കഴകം കാര്യമയായിട്ടു് അച്ചൻകണ്ടത്ത നമ്പ്യാക്കും തെക്കെ പിഷാരത്തു പിഷാരൊടിയ്ക്കുംകൂടി ആകുന്നു. മുട്ടത്ത നമ്പ്യാക്കും വടക്കെ പിഷാരത്തു പിഷാരൊടിയ്ക്കുംകൂടി മാലക്കഴകം കൊടുത്തിരിയ്ക്കുന്നു. നിത്യനിദാനം പൂജ അടിയന്തിരം മുതലായിട്ടുള്ള വക അച്ചൻകണ്ടത്ത നമ്പ്യാര വാതിൽ മാടത്തിൽ ചെന്നു കുത്തൽക്കനെല്ലളന്നു പടിഞ്ഞാത്ത പുഷ്പവാള നെല്ലു കുത്തിച്ചു തുക്കൊൽ മൂത്തളവശം തലെ ദിവസം നാരായത്തിങ്കൽ അരി അളവുകൊടുക്ക കീഴ്മര്യാദയാകുന്നു. സംബന്ധിമാരാരു് കിഴക്കെ മാരാത്തവനാകുന്നു. ദേവസ്വം കാര്യമക്കണക്കൻ 85_ാമാണ്ടു് മുതൽക്കു് മൂത്തേടത്തു മൂത്തതിനോടു് പറഞ്ഞ യോഗിയാതിരി ഓടത്ത കഞ്ചന കൊടുപ്പിച്ചിരിക്കുന്നതിൻെറശേഷം അന്നു മുതൽ ആധാരം. കയ്യെഴുത്തു വയ്ക്കുകയും ആധാരങ്ങൾ സൂക്ഷിക്കുകയും ഓടത്തു നായന്മാർ തന്നെ ചെയ്തുവരുന്നു. അമ്പലം എളക്കിമേച്ചിലും ഓടത്തുവന്ന തന്നെ ആകുന്നു. ചെമ്പുപാത്രം കൊട പൊക്കയും തെച്ചിലുത്തു വീട്ടുകാരനും ആകുന്നു. അഞ്ചാമത ദേവസ്വത്തിലെ നിത്യകാര്യങ്ങൾ ദൈവഗ്രാമക്കാക്കൾതന്നെ ആകുന്നു. 21 ദേശത്തുള്ളവരും ഊരാണ്മക്കാരുംകൂടി വിചാരിക്കയത്രെ കീഴ്മര്യാദയാകുന്നു. ആറാമത ഉഷപൂജയ്ക്കും വിളക്കിന്നു എണ്ണയ്ക്കും മകരസംക്രാന്തി പൂജയ്ക്കും അരിമ്പൂചെരിക്കലവും ഏതിരത്തെ പൂജയ്ക്കു പയ്യാക്കരെ ചെരിക്കലവും പന്തീരടി പൂജയ്ക്കു എടവണ്ണൊട്ടു ചെരിക്കലവും ഉച്ചപൂജയ്ക്കും അത്താഴത്തിനും കക്കടക സംക്രാന്തി വിശേഷപൂജയ്ക്കും തുപ്പത്തരി വിശേഷപൂജയ്ക്കും പൂയം വിശേഷ പൂജയ്ക്കും കണിവയ്ക്കുന്നതിനും കൂത്തിനും പട്ടിണിനമ്പിക്കുറു് നമ്പൂതിരിപ്പാന്മാക്കും തന്ത്രി ഭട്ടതിരിമാക്കും ഭാരത ഭട്ടതിരിമാക്കും അകക്കോയ്മക്കും ശാന്തിവരുത്തി മുതലായതിന്നും ഇവക്കു ജീവിതവും പള്ളിപുറം പൊറത്തൂരു് പെരിഞ്ചേരി ഈ മൂന്നു ചെരിക്കലവും അത്താഴ പൂജയ്ക്കു് ഒല്ലൂച്ചെരിക്കലവും ഇഞ്ചമുടി കാറളം പാലൈക്കരെ മണലൂര ഈവക ചെരിക്കലങ്ങൾ ഒക്കെയും തച്ചു ചെരിക്കലമായിട്ടും ഭണ്ഡാര ചെരിക്കലമായിട്ടുമത്രെ ആകുന്നു. കരിക്കൊട്ടു മുതൽ എഴുത്തുകല്ലുവരെ 36 കാതം മല ഇരട്ടയപ്പന്നതന്നെ ആകുന്നു. മലയ്ക്കുകാരാം കൂറായിട്ടു എടവണ്ണൊട്ടു നമ്പിടിയത്രെ ആകുന്നു. മലയിൻകാരാംകൂറസ്ഥാനം എടവണ്ണൊട്ടു നമ്പിടി ആകകൊണ്ടു നമ്പിടി മലയിൽ ഉല്ലട്ടു മുതലുകളും എടുത്ത ആനയും കഴി കുത്തിപ്പിച്ചു് ദേവസ്വത്തിൽ ബോധിപ്പിച്ചു് മൂന്നിലൊന്നു കാരാംകൂറു് സ്ഥാനത്തിന്നു അവകാശം ഉള്ളതും പററി നടന്നുവരുമ്പോൾ എടവണ്ണൊട്ടു് നമ്പിടി അന്യംവന്നു പോകകൊണ്ടു മലയിൽ കാരാംകൂറു് സ്ഥാനം അയിനിക്കൂററിൽ നമ്പിടിയ്ക്കും പുന്നത്തൂരു് നമ്പിടിയ്ക്കുംകൂടി ഒഴുകകൊണ്ടു് മലയിൽ കാരാംകൂറു് സ്ഥാനം അവർ നടവന്നിരുന്നു. പിന്നെ ആയ്ക്കു പെരുമ്പടപ്പു് സ്വരൂപത്തുങ്കലേയ്ക്കു് ഒഴുകകൊണ്ടു് യോഗത്തുങ്കൽനിന്നു അനുസരിച്ചു എഴുതിക്കൊടുത്തിരിക്കുന്നു. ഗ്രാമത്തിലേയ്ക്കും ക്ഷേ[illegible]ിലേയ്ക്കും മേക്കോയ്മസ്ഥാനം മുമ്പിനാൽത്തന്നെ [illegible]മ്പടപ്പു് സ്വരൂപത്തുങ്കലേയ്ക്കു് ആകുന്നു.

* * * *

Granthavari of 898 (M.E.) of Peruvanam Temple

7-ാമത പന്നിയൂർ ഗ്രാമത്തിൽ വെങ്ങാട്ടിരി നമ്പൂതിരിയ്ക്ക് ക്ഷേത്രത്തിങ്കലയ്ക്ക അകക്കോയ്മ സ്ഥാനവും പള്ളിപ്പുറം പുറത്തൂര പെരിശ്ചേരി ഈ മൂന്ന ദേശത്തെ കാരാഴ്മ സമുദായ സ്ഥാനവും ആകുന്നു. വെങ്ങാട്ടിരി നമ്പൂതിരി മേലെഴുതിയ മൂന്ന ചേരിക്കലങ്ങളും വിചാരിച്ച ആ വക ചേരിക്കലങ്ങളിൽനിന്ന ഉച്ചപ്പൂജ അഗ്രം ഉള്പ്പെട്ട അടിയന്തിരങ്ങളും നടത്തി മൂന്ന് ചേരിക്കലങ്ങളിലും ചിററൂരവണാവ കുറൂട്ടവണാവ ഈ മൂന്ന ഊരാഴ്മക്കാരുടെ കയ്യാളായിട്ടുള്ള മൂത്താന്മാരും സമുദായവും കൂടി കുടിയാനവന്മാക്ക ആധാരം എഴുതി ഒപ്പിട്ടുകൊടുത്ത ചിത്ര ഉത്രാടത്തുംനാൾ വാതിൽ മാടത്തിൽ കണക്കുകളും കേൾപ്പിച്ച അകക്കോയ്മ സ്ഥാനവും നടന്നുവരുംപോൾ യോഗത്തുംകൽനിന്നും വെങ്ങാട്ടിരി നമ്പൂതിരിയായിട്ട എടയുക കാരണത്താൽ ഈ വക സ്ഥാനങ്ങൾ നടക്കേണ്ടതിന്ന പ്രയാസമായി വരികയാൽ അകക്കോയ്മസ്ഥാനം നെടിയിരിപ്പ സ്വരൂപത്തുംകലേയ്ക്കും പള്ളിപ്പുറം പുറത്തൂര് പെരിഞ്ചേരി ഈവക ചെരിക്കലങ്ങളിലെ സമുദായസ്ഥാനം പറവൂരു നമ്പ്യാതിരിയ്ക്കും എഴുതിക്കൊടുക്കകൊണ്ടു നമ്പ്യാതിരി സമുദായ സ്ഥാനം നടക്കേണ്ടതിന്ന വന്നാറെ ആയതു് യോഗത്തുംകലേയ്ക്ക ബോധിയായ്കകൊണ്ട് പറവൂ ഗ്രാമത്തിൽ ഒരു നമ്പൂതിരിയെ നമ്പ്യാതിരിയുടെ ആളായിട്ട നമ്പ്യാതിരിയും യൊഗത്തുംകൽനിന്നുംകൂടി പെരുവനത്ത വാതിൽമടത്തിൽവച്ച പള്ളിപ്പുറം സമുദായമായിട്ട അവരോധിച്ച നടന്നുകൊള്ളത്തക്കവണ്ണം പറഞ്ഞുവെച്ച അപ്രകാരം അവരോധിച്ച മൂന്ന ചേരിക്കലവും വിചാരിച്ച സമുദായവും മൂത്താന്മാരുംകൂടി കുടിയാനവന്മാക്ക് ആധാരം എഴുതി ഒപ്പിട്ടുകൊടുത്ത കീഴ്മര്യാദപോലെ വാതിൽ മാടത്തിൽ കണക്കുകളും കേൾപ്പിച്ച് വന്നിരുന്നു. സമുദായം അപായം വന്നാൽ പിന്നെ യോഗിയാര അവരോടത്തോടുകൂടിവേണം സമുദായത്തിനെ അവരോധിപ്പാൻ. സമുദായത്തിനെ അവരോധിയ്ക്കുന്നതിനകം മൂന്ന ചെരിക്കലവും യോഗത്തുംങ്കൽനിന്നും വിചാരിച്ചുവന്നിരുന്നു. 931-ാമതിൽ നെടിയിരിപ്പ സ്വരൂപം വന്നതിൻെറശേഷം 38-ാംമാണ്ടുവരെയും മേലെഴുതിയ ഉച്ചപ്പൂജ ചെരിക്കലങ്ങൾ മൂന്നും നെടിയിരിപ്പ സ്വരൂപത്തുംകൽനിന്നും കോവിൽനമ്പിയെന്ന ആളെവച്ച നടത്തിവിചാരിച്ചുവന്നിരുന്നു. പെരുമ്പടപ്പ രാജ്യത്തുനിന്നും നെടിയിരിപ്പ സ്വരൂപത്തെ ഒഴിച്ച പറവൂരു രാജ്യം തൃപ്പാസ്വരൂപത്തുംകലേയ്ക്ക ആയതിൻെറശേഷം 939-ാമാണ്ട് മുതൽക്ക മേലെഴുതിയ മൂന്ന ചെരിക്കലങ്ങളും തൃപ്പാസ്വരൂപത്തുംകൽനിന്നും തുറവൂര് അമ്പലപ്പാട്ട് പുതുവാളെ ആക്കിവെച്ച് വിചാരിച്ച വിചാരിച്ചുവന്നിരുന്നു. ഉച്ചപ്പൂജ കൂത്ത അഗ്രം ഉള്പ്പെട്ട അടിയന്തരങ്ങളും 961-ാമാണ്ടുവരെയും പതിവുംപ്രകാരം നടത്തിച്ചുവന്നിരുന്നു. 966-ാമാണ്ട് മുതൽക്ക അരിച്ചിലവുനീക്കി നെല്ലായിട്ട അളവുള്ളതു ഒക്കെയും വാതിൽമാടത്തിലെ പത്തിന്നൊന്ന പറ വാശി ഉള്ള പാട്ട പറ നീക്കി മുദ്ര പറയ്ക്കൽ ചിലവിട്ട വരുന്നു. 88-ാമാണ്ടുമുതൽക്ക് പട്ടിണിനമ്പിക്കുറ് നമ്പൂതിരിപ്പാടന്മാരുടെയും അകക്കോയ്മയുടെയും ഭാരത ഭട്ടരിരിമാരുടെയും അച്ചൻകണ്ടത്ത് നമ്പ്യാരുടെയും ചെമ്പുപാത്രം പണി തെച്ചില്ലത്തു വീട്ടുകാരൻെറയും മററും ഈവക അനുഭവക്കാരുടെ അനുഭവം ഉള്ളത് ഒട്ടുംതന്നെ കൊടുത്തവരാരും ഇല്ല.

മൂത്തേന്മാരുടെ തൃക്കോൽ പ്രവൃത്തി ജീവിതം വകയ്ക്കുള്ള അരിയിൽ ഏതാനും പുതുവാന്മാർക്കുള്ള നെല്ലിൽ ഏതാനും കൊടുത്തുവരുന്നു. മേലെഴുതിയ മൂന്ന ചെരിക്കലങ്ങളിലും നീതി പലം എട്ടിൽ ഒന്ന ആണ്ടു തിരുക്കാഴ്ച വഴി പുഴ പുരുഷാന്തരം ശിക്ഷാ രക്ഷ പുകയില മുളക മുതലായിട്ടുള്ള രാജഭോഗങ്ങളും ഒക്കെയും പെരുമ്പടപ്പ സ്വരൂപത്തുംകലേയ്ക്ക ആകുന്നു. 8-ാമതു അകക്കോയ്മസ്ഥാനം നെടിയിരിപ്പ സ്വരൂപത്തുംകൽനിന്ന വിചാരിച്ച വന്നിരുന്നു. 938-ാമാണ്ടിൽ പെരുമ്പടപ്പ രാജ്യത്തുനിന്ന നെടിയിരിപ്പ സ്വരൂപത്തെ ഒഴിപ്പിച്ചതിൻെറ 39-ാമാണ്ട് മുതൽക്ക് അകക്കോയ്മസ്ഥാനം പെരുമ്പടപ്പ സ്വരൂപത്തുംകലേയ്ക്ക ആയിരിയ്ക്കുന്നു. 9-ാമതു് അഷ്ടഗ്രഹത്തിൽ ആഢ്യരിൽ ഒരുത്തരെ യോഗിയാതിരിയായിട്ട് അവരോധിച്ച ക്ഷേത്രം നടത്തിച്ചുകൊടുത്തു പുഷ്പാഞ്ജലിയും ചെയ്ത പള്ളിപ്പുറം പൊറത്തൂര് പെരിഞ്ചേരി ഈ മൂന്ന ചെരിക്കലങ്ങളിലെ കാര്യം ഒഴികെ ശേഷം ചെരിക്കലങ്ങളും മററും ദേവസ്വം കാര്യം ഒക്കെയും യോഗിയാതിരിയത്രെ വിചാരിച്ചുവന്നിരുന്നതു്. യോഗിയാതിരി മരിച്ചാൽ ഉടനെ യോഗത്തുംകൽനിന്ന് പറവൂക്ക് എഴുതേണ്ടതിന്ന വാതിൽ മാടത്തിൽ അടിയന്തരയോഗംകൂടി മൂത്തേടത്ത് മൂത്തതു എഴുതി ചിററൂരവണാവ് രണ്ടു ഒപ്പിട്ട യോഗത്തുംകലെ കയ്യാളരായ മൂത്തേന്മാരെ ഇരുവരുംകൂടി കൊണ്ടോയ്ക്കൊടുത്താൽ ഉടനെ പള്ളിപ്പുറത്തെ സമുദായത്തെ പറവൂഗ്രാമത്തിൽ ഒരു ആളെ നമ്പ്യാതിരികൂടിവന്നു അവരോധിച്ച വന്നിരുന്നു. സമുദായത്തോടുകൂടി യോഗിയാതിരിയേയും അവരൊധിക്കും. 939-ാമാണ്ട് മുതൽക്ക് തൃപ്പാസ്വരൂപത്തുംകൽനിന്നാറെ മൂന്ന ചെരിക്കലങ്ങളും വിചാരിയ്ക്ക കൊണ്ടർ 47-ാമതിൽ യൊഗിയാതിരി മരിച്ചതിൻെറ ശെഷം യൊഗത്തുങ്കൽനിന്നും എഴുതി അയച്ചിട്ടും ഇല്ലാ. യൊഗിയാതിരി മരിച്ചതിൻെറ ശെഷം ദെവസ്വം കാര്യങ്ങൾ പെരുമ്പടപ്പ സ്വരൂപത്തുംകൽകൂടി ബൊധിപ്പിച്ച വന്നിരുന്നു. ഈ ദെവസ്വം കാര്യങ്ങൾ ഒക്കെയും വിചാരിയ്ക്കത്തക്കവണ്ണം കല്ലൂര നമ്പൂതിരിയെ ആക്കിവെച്ച വിചാരിച്ച വന്നിരുന്നു. 966-ാമാണ്ട മുതൽക്ക യൊഗത്തുംകൽകൂടി വിചാരിച്ച ബൊധിപ്പിച്ച തീട്ടൂരവും കൊടുത്ത ആളെ ആക്കി വിചാരിച്ച വന്നിരുന്നു. 995-ാമാണ്ടിലു മുതൽക്ക യൊഗത്തുംകൽനിന്നുതന്നെ വിചാരിച്ച കൊള്ളത്തക്കവണ്ണം ഈ ദെവസ്വം ഒഴിഞ്ഞുകൊടുത്തിരുന്നു.

1025-ാമാണ്ട കന്നിമാസം 27-ാനു- പകൽ ശ്രീ പാവ്വതിയുടെ ബിംബത്തുംമെൽ ചാത്തിരുന്ന തിരുവാഭരണം കളവ് പൊകയാൽ തൃക്കൊൽ മൂത്തെടത്ത ദാമൊദരൻ മൂത്തത താക്കൊക്കാരനാകയാൽ ശംകിച്ച പൊല്ലിസിൽ ചെത്ത വിസ്തരിച്ച തെളിവില്ലാതെ നീക്കിയിരിയ്ക്കുംപൊറം പിന്നത്തതിൽ ഈ സംഗതി എടവട്ട ദെവസ്വം കാൎയ്യം പഴെടത്ത നാരായണൻ നമ്പൂരി 1028-ാമാണ്ട തുലാമാസം 4-ാനു- കളവ് പൊയ മുതലിന്ന ശീട്ട എഴുതി വാങ്ങിച്ച പണം അവധിയ്ക്ക തീക്കായ്കയാൽ മൂത്തെടത്ത മൂത്തെന്മാരെ ക്ഷെത്രവിരൊധം ചെയ്ത പുറത്ത നിത്തിയ സംഗതിയ്ക്കും മററും അക്രമങ്ങറംക്ക പൊല്ലീസ്സിൽ ചെത്ത വിസ്തരിച്ചതിൻെറ ശെഷം ക്ഷെത്രത്തിംകലെ അഴിമതികളും ദെവസ്വം കാൎയ്യാദികറംക്ക വീഴ്ചയും നാനാവിധവും ഉള്ള കാരണത്താൽ ഉത്തരവുംപ്രകാരം ടി ക്ഷെത്രം പണ്ടാരവകയിൽ ചെത്ത 1029-ാമാണ്ട മിഥുനമാസം മുതൽക്ക പണ്ടാരവകയിൽനിന്ന വിചാരിച്ചുവരുന്നു. 10-ാമതു് എരട്ടയപ്പനു് നിത്യനിദാനം പന്തീരടി നിവെദ്യം വിളക്കുവയ്പ ആണ്ടുവിശെഷം മകരസംക്രാന്തി പൂജ മിഥുനമാസത്തിൽ വാരസദ്യ മുമ്പിനാലെ പെരുമ്പടപ്പ സ്വരൂപത്തുംകൽനിന്നും കഴിപ്പിച്ചുവരുന്നു. ടി വകയ്ക്ക വെണ്ടുന്ന നെല്ലും പണവും പെരുമ്പടപ്പ സ്വരൂപത്തുംകൽനിന്നുതന്നെ തന്നുവരുന്നു. 11-ാമത ക്ഷെത്രം പണിയും കലശവും 933-ാമതിൽ നെടിയിരിപ്പ സ്വരൂപത്തുംകൽനിന്നു കഴിപ്പിയ്ക്ക ഉണ്ടായി. അന്ന പള്ളിപ്പുറം പൊറത്തുര പെരിഞ്ചെരി ഈ മൂന്ന ചെരിക്കലങ്ങളിലും കുടിയാനവന്മാരുടെ ആധാരങ്ങറം വെളിച്ചെഴുതി ആ വക പണവും ശെഷം ചെരിക്കലങ്ങളിലുള്ള കുടിയാനവന്മാരുടെ ആധാരങ്ങറം പൊളിച്ചെഴുതിയ പണവും ഈ വകയ്ക്കകൂടി ചിലവിട്ടിരിയ്ക്കുന്നു. വിളക്കുമാടവും മാടത്തിലെ ശ്രീകൊവിലും പുത്തനായിട്ട് പണിയിച്ചിരിക്കുന്നു. ഈ വകയും അനുഭവക്കാരുടെ അനുഭവച്ചൊററിൽനിന്നും ദെവസ്വത്തിൽവെച്ച ദെവസ്വത്തിൽനിന്ന കാണം ചാത്തിക്കൊട്ടത്ത ആവക പണംകൂടി ചിലവ ചെയ്തിരിയ്ക്കുന്നു. 983-ാമതിൽ ക്ഷെത്രം പണിയും കലശവും പെരുമ്പടപ്പ സ്വരൂപത്തുംകൽനിന്നു കഴിപ്പിച്ചിരിയ്ക്കുന്നു. അന്നും പാലിയത്തു് മേനവൻെറ നെട്ടംപ്രകാരം പള്ളിപ്പുറം പൊറത്തുര് പെരിഞ്ചെരിയും മററം ചെരിക്കലങ്ങളിൽ കുടിയാനവന്മാർക്ക പൊളിച്ചെഴുതിക്കൊട്ടത്ത അവകാശം വാങ്ങി കിഴമരിയാദപ്രകാരം കലശം വകയ്ക്കും ചിലവിട്ടിരിയ്ക്കുന്നു. അന്നെക്കലശത്തിന്നു കൂറയും പവിത്രവും കൊടക്കുന്നതിന്നു ഊരായ്മക്കാരിൽ കുറവട്ടാവണാവു് നമ്പൂതിരിയെ നീക്കംചെയ്ത ചിററൂരവണാവ നമ്പൂതിരിമാരെക്കൊണ്ട കൊട്ടപ്പിച്ചിരിയ്ക്കുന്നു. കലശമണ്ഡപം മുതലായ ഉപയുക്തം എപ്പെർപെട്ടതും തന്ത്രിമാർക്കും മൂത്തതിന്മാർക്കും കിഴമരിയാദപ്രകാരം ഒന്നുപാതി വീതം അവകാശം പവുത്ത കൊട്ടപ്പിച്ചിരിയ്ക്കുന്നു. 12-ാമത പള്ളിപ്പുറത്തുനിന്നും അടിയന്തിര വാതിൽ മാടത്തിൽ കൊണ്ടുവന്ന അളക്കെണ്ടും

വിവരം എഴുതിയവരി-നാറം 1ക്ക ഉച്ചപൂജയ്ക്ക് വെച്ച നിവെദ്യവും വക അരി നാരായം 324-ം അഗ്രത്തിന്നവെച്ച ചിലവ അരി നാരായം 12-ം നീരാജിനത്തിന്നു തന്ത്രിയ്ക്ക അരി നാരായം 1-ം മെശാന്തി നമ്പൂതിരിയ്ക്ക അരി നാരായം 1-ം കീഴശാന്തി പെർ രണ്ടിക്കകൂടി അരി നാരായം 1-ം പട്ടിണി ഉള്ള നൊട്ടൂരെക്കടെലായിൽ നമ്പൂതിരിയ്ക്ക അരി നാരായം 1-ം പട്ടിണിതെക്കെടത്ത കടലായിലയ്ക്കും വടക്കെടത്ത കടലായിലയ്ക്കുംകൂടി നമ്പൂതിരിമാൎക്ക അരി നാരായം 1 നാഴി 2-ം തൃക്കൊൽ മൂത്തെതു അരി നാരായം 1 നാഴി 2-ം നവകത്തിന്നു പുല്ലും പൊടി വകയ്ക്ക അരി നാരായം 2-ം അഗ്രം വയ്ക്കുന്ന പട്ടൎക്ക് അരി നാരായം 1-ം അഗ്രക്കലെവറക്കാരനു പൊറനാരായം 1-ം ആകെ ഉച്ചപ്പൂജ അടിയന്തിരം വകയ്ക്ക നാറം 1ക്ക പതിവുള്ള അരി നാരായം 524-വാതിൽ മാടത്തിലെ പറയ്ക്കൽ നെല്ല് 14 പറ നാരായം 47 നെല്ലളവിന്നു വിവരം:-നവകത്തിന്നു പീഠം വിരിപ്പാൻ തൃക്കൊൽ മൂത്തെത് നെല്ല് നാരായം $2\frac{1}{8}$-ം തന്ത്രി ഭട്ടതിരിമാർക്ക നെല്ല് നാരായം $4\frac{5}{8}$-ം കിഴശാന്തിമാര പെര രണ്ടക്കകൂടി നെല്ല് നാരായം $9\frac{1}{2}$-ം ഭാരതഭട്ടതിരിമാൎക്ക നെല്ല് നാരായം 67-ം അകക്കൊയംമയ്ക്ക നെല്ല് നാരായം $3\frac{3}{4}$-ം അച്ചൻകണ്ടത്ത് നമ്പ്യാൎക്ക നെല്ല് നാരായം $1\frac{5}{8}$-ം പുതുവാന്മാർക്ക നെല്ല് $14\frac{5}{8}$-ം അഗ്രത്തിന്ന കറിമൊരവകക്ക നെല്ല നാരായം 14-ം ആകെ നാറം 1ക്ക അളവ് നെല്ല് നാരായം $51\frac{1}{4}$ക്ക വാതിൽ മാടത്തിലെ പറക്കൽ നെല്ല് 5 പറ നാരായം 5 വക 2-ൽ അരിച്ചിലവ് നെൽ ചിലവ് ഉറംപ്പടെ വാതിൽ മാടത്തിൽ കൊണ്ടുവന്ന അടിയന്തിരം അളക്കെണ്ടും നെല്ല് 20 പറയ്ക്ക പത്തിനൊന്നു പറ വാശി ഉറംപ്പടെ മുളപ്പറക്കൽ നെല്ല് 22 പറ. ശാന്തിക്കാൎക്ക മെശാന്തി നമ്പൂതിരിക്ക മാസം 1ക്ക നെല്ല് 15പറയും കിഴശാന്തിമാര പെര രണ്ടക്കകൂടി നെല്ല് 20 പറയും മീനമാസത്തിൽ പൂയം വിശെഷപൂജയ്ക്ക നെല്ല് 36 പറയും തൃപ്പുത്തരി വിശെഷ പൂജയ്ക്ക നെല്ല് 36 പറയും കന്നിമാസം മുതൽ കുംഭമാസംവരെ മാസം 6ക്ക പ്രദൊഷ പൂജ 12ക്ക നെല്ല് 25 പറ $9\frac{1}{2}$-ം വിഷു സംക്രാന്തിനാറം കണിവയ്പ വകയ്ക്ക നെല്ല് 3 പറയും തിരുനിറ തൃപ്പുത്തരി വക കൊപ്പവിലത്തരം വക നെല്ല 7 പറയും കാവക്കാര പെര രണ്ടക്കകൂടി ആണ്ട 1ക്ക നെല്ല് 72-പറയും മിഥുനമാസത്തിൽ കൂത്തടിയന്തരം വകയ്ക്ക ചാക്യാന്മാൎക്ക അരിചാത്തവകയ്ക്ക നെല്ല് 3 പറയും കൂത്തപുറപ്പാട 3ക്ക നിറപറ വകയ്ക്ക നെല്ല് 3 പറ 6-ം വെള്ളരി വയ്പവകയ്ക്ക അരി നാരായം 3ക്ക് നെല്ല് 38-ം തൃക്കൊൽ മൂത്തെന്മാര പെര 9ക്ക കൂത്തരക്ഷവകയ്ക്ക രക്ഷാഭൊഗം വകയ്ക്ക നെല്ല് 10 പറയും കൂത്തമ്പലം അടിച്ചുതളി പുതുവാന്മാൎക്ക നെല്ല് 5 പറയും ബിഡാവിട്ടത്ത വയ്ക്കുന്ന ചിലവ നായന്മാൎക്ക നെല്ല് 34 പറ $3\frac{1}{4}$-ം മാററലക്ക വെളുത്തെടത്തിന്നു നെല്ല് 36 പറയും ചെമ്പുകുടങ്ങറം കെട്ടപൊക്കുന്ന തെച്ചില്ലത്ത വീട്ടുകാരനു നെല്ല് 24 പറയും കൂത്തിന്ന ദണ്ഡ് 1-ം വെ

ളിച്ചെണ്ണ ചൊതന 15_ക്കം മഞ്ഞള പച്ച ഈൗക്കിലി കരിമ്പന കൂമ്പ് 3_ം. ഇനി അനുഭവക്കാരുടെ അനുഭവം കുറച്ചതിന്നു് വിവരം:– ദിവസം 1ക്കു തൃക്കൊൽ മൂത്തെന്മാരുടെ അരിനാരായം 1-ം പട്ടിണിക്കുറ കടലായിൽ നമ്പൂതിരിപ്പാടന്മാരുടെ അരിനാരായം 2_ം നാഴി 2_ം ഭാരത ഭട്ടതിരിമാരുടെ നെല്ലു് നാരായം 67_ം അകക്കൊയ്മയുടെ നെല്ലു്നാരായം $3\frac{3}{4}$_ം അച്ചൻകണ്ടത്ത നമ്പ്യാരുടെ നെല്ലു്നാരായം$1\frac{5}{8}$_ം പുഉവാന്മാരുടെ നെല്ലു് നാരായം $11\frac{1}{4}$–ം ശാന്തിവിരുത്തിക്കാരുടെ പറവാശി തന്ത്രിഭട്ടതിരിമാരുടെ പറവാശി ചെമ്പപണിക്കരെന്റെ ആണ്ടു 1ക്കു നെല്ലു 24 പറയും 65_മാണ്ട വൃശ്ചികമാസംവരെയും ഇതൊന്നുംതന്നെ കുറവുകൂടാതെ കൊടുത്തവന്നിരുന്നു. 966_മാണ്ടു് കുംഭമാസംവരെയും അരി കുറവുകൂടാതെയും നെല്ലായിട്ട കൊടുക്കുന്നത ഒക്കെയും പതിനൊന്ന പറവാശി ഉള്ളത ഒക്കെയും കൊടുത്തുവരാറും ഇല്ല. പുഉവാന്മാൎക്ക മാസം 1ക്കു 30 പറ നെല്ലുവീതം 987–മാണ്ടവരെയും കൊടുത്തുവന്നിരുന്നു. 88_മാണ്ടു് മുതൽക്കു് പുഉവാന്മാൎക്ക മാസം 1ക്കു 12 പറ നെല്ലു്വീതം കൊടുത്തുവരാറുള്ളു. 87_മാണ്ടവരെയും അകക്കൊയ്മക്കു മാസം 1ക്കു ... പറ നെല്ലു്വീതം കൊടുത്തവന്നിരുന്നു. ഭാരത ഭട്ടതിരിമാൎക്കും അച്ചൻകണ്ടത്ത നമ്പ്യാൎക്കും മാസവീതം ഉള്ള നെല്ലിൽ ഏതാനും നെല്ലു 87_മാണ്ടവരെയും കൊടുത്തുവന്നിരുന്നു. കടലായിൽ നമ്പൂതിരിപ്പാടന്മാരുടെ അരി നാരായം 1 നാഴി 2_ം മൂത്തെന്മാരുടെ തൃക്കൊൽ പ്രവൃത്തി അനുഭവം ഉള്ള അരി നാരായം 1 നാഴി 2_ൽ നാരായം 1–ം 87–മാണ്ടുവരെയും കൊടുത്തുവന്നിരുന്നു. ചെമ്പ പണിക്കരെന്നു ആണ്ടു് 1ക്കു 24 പറ നെല്ലു് ഉള്ളതും 87–മാണ്ടവരെയും കൊടുത്തുവന്നിരുന്നു. 88_മാണ്ടുമുതൽക്കു് ഇതൊന്നുംതന്നെ കൊടുത്തുവരാറും ഇല്ല. മൂത്തെന്മാൎക്ക തൃക്കൊലരി നാറും 1ക്കു 2 നാഴിവീതം 88 മുതൽക്കും കൊടുത്തുവരാറും ഉണ്ടു്. പറവാശിയ്ക്കു വിവരം:– മുമ്പിനാൽ ഉള്ള വാതിൽമാടത്തിലെ പറയ്ക്കുൽ $9\frac{1}{4}$ നാരായം താപ്പാകുന്നു. ഒപ്പറ $8\frac{1}{2}$ യ്ക്കു നാരായം താപ്പാകുന്നു. അഗ്രശാലപ്പറ 8 നാരായം താപ്പാകുന്നു. ഇങ്ങിനെ പറവാശിയ്ക്കു ം വിവരം അറിച്ചില. അത്രയും അഗ്രശാലക്കൊത്ത നാരായത്തുംകൂടാകുന്നു. നിത്യനിദാനം ത്രിമധുരം നിവെദ്യത്തിന്നു വിവരം:– നാറും 1ക്കു കദളിപ്പഴം 8–ം ശൎക്കര പലം $\frac{1}{2}$–ം നെന തവി $\frac{1}{2}$–ം ഉപസ്തരണം കൊടി വിളക്കു് നീരാജനത്തിന്നു തെങ്ങാമുറി വിളക്കു ഉള്ളതെ മാസം 1ക്കു നെന തവി 12. നാറും 1ക്കു നീരാജനം വകയും തെങ്ങ 1 മലരനിവെദ്യത്തിന്നും ഉച്ചപൂജയ്ക്കും ഉപനിവെദ്യത്തിന്നുംകൂടി തെങ്ങ 1_ം മാസം 1ക്കു ചന്ദനമുട്ടി പലം അഞ്ചരെ അരയ്ക്കുൽ പ്രദൊഷത്തിന്നു ആട്ടവാൻ എളന്നീര 6–ം പായസത്തിന്നു ശൎക്കര പലം 6–ം ദിവകയ്ക്കു തെങ്ങ 2_ം വെളക്കിന്നു് എണ്ണ ഇ $\frac{1}{4}$–ം ചന്ദനം പലം $\frac{1}{2}$–ം നെന തവി $\frac{1}{4}$–ം കൂടി പണം 1. ദക്ഷിണവകയ്ക്കും പണം 1_ം വക 2_ൽ പ്രദൊഷപൂജവകയ്ക്കു പണം 2 വീതം കന്നിമാസം മുതൽ കുംഭമാസം വരെ പ്രദോഷം 12ക്കു പണം 24.

മിഥുനമാസം 20_നു- കൂത്ത പുറപ്പാടന്നാറും പരഞ്ഞി പണം 3_ം ഉല്ലടെ മണ്ഡപത്തിൽപടിയുംമെൽ ചാക്യാന്മാൎക്കു നിരത്തികൊടുക്കേണ്ടും പണം 243. 25_ാനു- പരത്തിപണം 3–ം ഉല്ലടെ മണ്ഡപത്തിൻപടിയുമെൽ നിരത്തികൊടുക്കേണ്ടും പണം 43_ം കൎക്കടമാസം ക്രാന്തിനാറും മണ്ഡപപടിയുംമെൽ നിരത്തിക്കൊടുക്കേണ്ടും പണം 40. നാളതണ്ഡും മഞ്ചട്ടിയും കൊടുക്കുന്ന നമ്പൂതിരിയ്ക്കു തീൎത്ഥദക്ഷിണവകയ്ക്കു പണം 2_ം നാളത ചാക്യാൎക്കു പട്ടുമെൽ കെട്ടികൊടുക്കെണ്ടും മഞ്ചട്ടിപണം 4_ം കൎക്കടമാസം 20_നു- നമ്പ്യാൎക്കു അണിപ്പണം 18_ം കൂടെ ഉമിപ്പണം 1_ം കച്ചമുറിവക വെളക്കെടത്തിന്നു പണം 1–ം കൂത്തിന്ന വെളിച്ചെണ്ണ ചോതന 5ക്കു പണം 18_ം 15–ം ആകെ കൂത്തടിയന്തരം വകയ്ക്കു ചിലവ പണം 367. കൂത്ത പുറപ്പാടത്തുക്കുകൂടി അരങ്ങു അലങ്കരിപ്പാൻ തെങ്ങാക്കുല 3, അടയ്ക്കാക്കുല 3, വാഴക്കുല 3_ം വെററിലക്കെട്ടു് 3-ം ചാക്യാന്മാൎക്കു് പുകയില കെട്ട $1\frac{1}{2}$ നാറും 1ക്കു അടയ്ക്ക 11–ം ഇങ്ങിനെ പതിവ. ഇവിടെ സ്ഥാനികളായിട്ട കുട്ടഞ്ചേരി ചാക്യാരും മെക്കാട്ട ചാക്യാരും മാണിച്ചാക്യാരുംഇവര മൂവ്വരും അല്ലാതെ മറെറാരുത്തൎക്കും കൂത്തിന്ന തലക്കെട്ടാറും കൂത്ത കഴിക്കാറും ഇല്ല. മിഥുനമാസം 20–മുതൽ ചിങ്ങമാസം 1–നു- കൂടിയാട്ടംവരെ ചാക്യാന്മാൎ അവരവരുടെ ഊഴം അല്ലാത്തപ്പഴം പെരുമനത്ത്വന്നു മൂവ്വരും താമസിക്കണം. ഊഴത്തിൽ രണ്ടു നമ്പ്യാൎക്കും രണ്ടു നങ്ങ്യാൎക്കും ചിലവുകൊടുത്ത് അതാത് ഊഴക്കാരെ താമസിപ്പിക്കണം. കൂത്തിനു് പുലവാലായ്മ ഇത്യാദി മുടക്കം വന്ന പേരുടെതന്നവച്ച പതിവുവച്ചിരിക്കുന്നു. ചിറവൂര അവണാവ കുറവട്ടാവണാവ ഈ മൂന്നുപേരെക്ക് കൂത്തമ്പലത്തിൽ പലകയുള്ളു. കന്യക ഒഴികെ സ്ത്രീകൾക്കും ബ്രഹ്മചാരികൾക്കും കൂത്തമ്പലത്തിൽ കൂത്തനെരത്ത് കെറരുതു്. കൂത്ത് രക്ഷിപ്പാൻ മൂത്തമ്മാര തറവട്ടത്തിന്നു ആരും വിശേഷം പറക ചിരിക്ക ഇതൊന്നും കൂടാതെ നൊക്കി ഇരിക്കണം. ഈ സ്ഥാനം മൂത്തെടത്ത കടലായിൽ നമ്പൂരിപ്പാട്ടിലെയ്ക്കു് കിഴക്കട്ടുമെ നമ്പൂരിപ്പാട്ടിലെയ്ക്കും കൂടി ആയിരുന്ന അവര മൂത്തെന്മാരെ ആക്കിവച്ചിരിക്കയാൽ അവരിരുവരും കൂത്തമ്പലത്തിൽ കയറാറില്ല. പതിവായിട്ടുള്ള അംഗുലീയാങ്കം മന്ത്രാങ്കം വഴിപാടായിട്ടുള്ള മത്തവിലാസം കൂത്ത് ഒഴികെ മറെറാരു കൂത്തും മറ്റുക്കൊളു എങ്കിലും വച്ചു കഴിപ്പിക്കാറില്ല. ചെരുമനം ഗ്രാമത്തിൽപൊലും അമ്മന്നൂര ചാക്യാരെ തലക്കെട്ടി കൂത്ത കഴിപ്പിക്കാറില്ല. മുമ്പിനാൽ ആണ്ടു തൊറവും അംഗുലീയാങ്കം കുട്ടഞ്ചേരിയും മൂവ്വാണ്ടുകൂടുംപൊറും ഒരാണ്ട മന്ത്രാങ്കവും രണ്ടാണ്ട മന്ത്രാങ്കം മെക്കാട്ട ചാക്യാരും ഇങ്ങിനെ നടന്നുവരുംപൊറും കുറവട്ടവണാവ നമ്പൂതിരിപ്പാട തന്റെ കൂറക്കാരായിട്ട ചാക്യാന്മാരെ ഉണ്ടാക്കണമെന്നു വച്ചു മാണിച്ചാക്യാരെ കൊലത്ത്നാട്ടിൽനിന്നു് സ്ഥാനം തരിക്കാമെന്നു പറഞ്ഞു കൂട്ടികൊണ്ടുപോന്ന പെരുമനത്ത വന്ന മാണിച്ചാക്യാൎക്ക് സ്ഥാനം ശേഷം ചാക്യാന്മാരുടെ കൂത്തിൽനിന്നു

പവൃത്ത കൊടുക്കണമെന്നും അല്ലെങ്കിൽ കൂത്ത സംമതിക്കവെഹയിന്ന പറഞ്ഞാറെ ശേഷം ഊരായ്മക്കാര, കാരായ്മക്കാര മുതലായവര അനുസരിക്കായ്കയാൽ കൂത്തിന്റെ വിളക്ക തട്ടിപ്പോകുന്ന വഴിക്ക എരട്ടയപ്പന്റെ സർപ്പം കടിച്ചു അപായം വന്നതിന്റെ പിറെറക്കൊല്ലവും എളയ നമ്പൂരിപ്പാട്ടും ഇങ്ങംവണ്ണം പറഞ്ഞ കൂത്ത മുടക്കം ചെയ്ത പോകുന്ന വഴിക്ക സർപ്പഭയത്താൽ അപായം വരികയും ഇങ്ങിനെ ഒമ്പത പെരു നമ്പൂരിപ്പാടന്മാർ ഒമ്പത കൊല്ലംകൊണ്ട കൂത്തിന്ന വിഘ്നം ചെയ്ത കാരണത്താൽ ദേവന്റെ കോപം കൊണ്ട സർപ്പഭയംവന്ന അപായം അപായംവന്നാറെ പത്താം കൊല്ലത്തിൽ അന്ന അല്പസന്തതി [illegible]യിട്ടുള്ള ബ്രഹ്മചാരി മാണിച്ചാക്യർക്ക സ്ഥാനം കൊടുക്കാമെന്ന പറഞ്ഞിരിക്കുന്ന കാര്യത്തിന്ന സത്യലംഘനം വരുന്നതിനെക്കാൾ ഞാൻ കൂടി മരിക്കയത്രെ ഇവിടെ ശ്രേയസ്സെന്ന വെച്ചു അമ്മയോട യാത്രപറഞ്ഞ പുറപ്പെട്ട പെരുമനത്ത വന്ന വാതിൽ മാടത്തിൽ അടിയന്തരയോഗം കൂടിയിരിക്കുന്നെടത്ത ചെന്ന കാണിക്ക സ്ഥാനം കൊടുക്കണമെന്ന പറഞ്ഞ ശേഷമുള്ളവര അനുസരിക്കായ്കയാൽ കൂത്ത വിളക്ക തട്ടേണ്ടതിന്ന പുറപ്പെട്ടാറെ താനായിട്ട ഒരു തറവാട മുഴുവനും മുടികണ്ടു. ആയതുകൊണ്ട സ്ഥാനം വിളജിച്ച കൊടുത്തേക്കണമെന്ന എരട്ടയപ്പന്റെ ശ്രീകോവിലിന്നകത്തുനിന്ന ശബ്ദം ഉണ്ടാകയാൽ അന്നുമുതൽ കുട്ടഞ്ചേരിയുടെ ഭാഗത്തിൽനിന്ന അഞ്ചദിവസത്തെ അംഗുലീയാങ്കവും മെഴുക്കാട്ട് ചാക്യാരുടെ ഭാഗത്തിൽനിന്ന മൂവ്വംക്കൂത്തുംപോൾ രണ്ടാണ്ടത്തെ മന്ത്രാങ്കത്തിൽ രണ്ടത്തെത ഒന്നരാട ദിവസമായിട്ട ഇങ്ങവരും കഴിച്ചു കൊള്ളത്തക്കവണ്ണവും മാണിയ്ക്കും മെഴുക്കാടനുംകൂടി വരുന്ന ഊഴത്തിൽ സംക്രാന്തിനാൾ തലക്കെട്ടുവാൻ മാണിചാക്യര വേണമെന്നും ശേഷം മഞ്ചാട്ടിയും മെടിച്ചുകൊടുപ്പാൻ മെക്കാട്ട ചാക്യര തന്നെ വേണമെന്നും അതാത ദിവസവീതം പോലെ പണം എല്ലാരും ഭാഗം ചെയ്ത എടുത്ത കൊള്ളത്തക്കവണ്ണവും അടിയന്തര യോഗത്തുംകൽനിന്നും കല്പിച്ച കൊൾകയാൽ അതിൻവണ്ണം നടന്നുവരുന്നു. കൂത്തിന്ന ദിവസം 1ക്ക എട്ടട്ട പണം വീതം ഉള്ളതിൽ ചിലവ്കൂടി കഴിച്ചുകൊള്ളണം. മത്തവിലാസം കൂത്തിന്ന വിവരം:– അങ്കവില പണം 16ൽ ചാക്യാർക്ക പണം 8. നമ്പ്യാർക്കും നങ്ങ്യാർക്കും കൂടി പണം 8. നിറപറ 1ക്ക് നെല്ല് 1 പറ 3 ഇ. തുകൊൽ മൂത്തെ ദിനം 1ക്ക 1/4 പറ നെല്ല വീതം നാൾ 3ക്ക 3/4 പറ. അടയ്ക്കാക്കുല 1, വാഴക്കുല 1, തെങ്ങാക്കുല 1. വെററില കെട്ട 1 വെള്ളരി വെക്കാൻ അരി നാരായം 1: ചിലവിന്ന വിവരം:– നമ്പ്യാര നങ്ങ്യാര ചാക്യാര ഇവർ പേര 3ക്ക കൂടി നാൾ 1ക്ക 3 3/4 ഇ. വീതം നാൾ 3ക്ക അരി ഇ. 11 1/4-ം മററും മെഞ്ചിലവുകളും കൊടുക്കണം. ഇങ്ങിനെ പതിവ്. മത്തവിലാസം കൂത്ത കഴിച്ചാൽ സന്തതിസ്ത്രീയും വിശേഷമാകുന്നു. ചിങ്ങഞായറ 1നു– വലിയ കൂടിയാട്ടത്തുംനാളും മീനമാസത്തിൽ പൂയം പെരുമനത്തു പൂരത്തുംനാളും എരട്ടയപ്പൻ കോവിൽ പടിഞ്ഞാറെ നടവാതിൽ അടയ്ക്കുരതം മേടമാസത്തിൽ ചിത്രമുതൽ ഉത്രമെല്ലുംനാൾ കാലത്ത എരട്ടയപ്പന്റെ താഴികക്കുടത്തുംമെൽ എളമെപയില തട്ടുന്നവരെ ഒരിക്കലും പെരുമനത്തും തിരുവെള്ളക്കാവിലും തൊഴുവാത്ത കർമികൾക്ക ആയാണ്ടിൽ ഒരേടത്തും ബ്രഹ്മസ്വം പതിവില്ല. ആയതിനാൽ പൂരാടദിവസം അത്താഴപൂജകഴിഞ്ഞാൽ പെരുമനത്ത എരട്ടയപ്പന്റെ ശ്രീകോവിലും മാടത്തിലപ്പന്റെ ശ്രീകോവിലും തിരുവെള്ളക്കാവിൽ ശാസ്താവിന്റെ നടവാതിലും പുലരുന്നവരെയ്ക്കും അടച്ചുപൂട്ടാറില്ല. വിഷുസംക്രാന്തിനാൾ വാതിലടയ്ക്കയില്ല.

കൊല്ലം 898–മതിൽ പെരുമനത്ത യോഗിയാതിരി അവരോധം കഴിഞ്ഞ 929–ാമതിൽ പള്ളിപ്പുറത്ത സമുദായം അപായം വന്നാറെ ആ കാര്യം കിഴക്കേടത്ത വിഷ്ണുഭട്ടതിരി വിചാരിച്ചു വന്നിരുന്നപ്പോൾ മാടത്തിലെ ശ്രീകോവില പണിക്ക പൊളിച്ചെഴുത്തിന്ന സാമൂതിരിരാജാവ കോവില നമ്പിയെക്കൂടി ആക്കി തച്ചിലെ വക പൊളിച്ചെഴുതേണ്ടതിന്ന ഉണ്ണ്യാരിശ്ശ ഏറാടിയെയും കല്പിച്ചു ആക്കി പൊളിച്ചെഴുത്തുകൾ കഴിപ്പിച്ച മാടത്തിലെ ശ്രീകോവിലും വിളക്കുമാടവും പണികഴിപ്പിച്ച 933–ാമതിൽ കലശവും കഴിപ്പിച്ചിരിയ്ക്കുംപോൾ 937–ാമതിൽ പെരുമ്പടപ്പുരാജ്യത്തുംകൽ നിന്ന മേടിയിരിപ്പ സ്വരൂപത്തെ നീക്കേണ്ടതിനായിട്ട ആലങ്ങാട പറവൂര വെണ്ണോട്ടുകരെയ്ക്ക എഴുതിക്കൊടുത്ത അവിടെ നിന്നും ബലംകൂട്ടി പടവെട്ടി കക്കാട്ടചെന്ന കുററിയിട്ട ഉറപ്പിച്ചിരിയ്ക്കുംപോൾ ഈ രാജ്യത്തെയ്ക്കുള്ള ഉല്പത്തികൾക്ക വിത്തര പതിക്കേണ്ടതിന്നായിട്ട ഇടങ്ങിയാറെ പെരുമനത്ത ദേവന്റെ വക ഉല്പത്തികൾക്ക വിത്തര പതിക്കാതെ ഇരിക്കേണ്ടതിന്നും പറവൂര നമ്പ്യാതിരിയുടെ സ്ഥാനം നടക്കേണ്ടതിന്നുംകൂടി 941–ാമതിൽ വെണ്ണോട്ടുകരെനിന്നും കുലശേഖരപ്പെരുമാള വിഷ്ണുഭട്ടതിരിയോടുകൂടി വിചാരിക്കേണ്ടതിന്ന കൃഷ്ണവ[illegible]യരെക്കൂടി കല്പിച്ചു ആക്കുകയുംചെയ്തു. 943–ാമതിൽ പെരുമ്പടപ്പ സ്വരൂപത്തുംകൽ നിന്ന കൈനിലക്കടവിൽ ചുങ്കവും ചെറമാഞ്ചിറെ ചുങ്കവും ഒല്ലൂര വടിപ്പലവും എടുത്തുതുടങ്ങുകയും ചെയ്തു. അങ്ങിനെ 47–ാമതിൽ യോഗിയാതിരിയും അപായം വന്നാറെ വെണ്ണോട്ടുകരെനിന്നും അമ്പാടി പുതുവാരെ പള്ളിപ്പുറത്തും പുറത്തൂരും പെരിഞ്ചേരിയും കാര്യം വിചാരിക്കത്തക്കവണ്ണവും കണിക്കിന്ന ഉടയവൻപിള്ളയെയും ലക്ഷ്മണപിള്ളയെയും ആക്കിവയ്ക്കുകയും ചെയ്തു. അപ്പോൾ പെരുമ്പടപ്പ സ്വരൂപത്തുംകൽനിന്നും അറിന്നൂചെരിക്കലെവും പയ്യക്കാരെ ഇറകൾ പ്രവൃത്തികൾ കല്പിച്ചു ആയതിൽ കൂട്ടുകയും ചെയ്തു. അതിൽനിന്ന ദേവന്റെ അടിയന്തിരത്തിന്ന ഏതിരത്തെ പൂജയ്ക്കും പന്തീരടി പൂജയ്ക്കും മകരസംക്രാന്തി വിശേഷ പൂജയ്ക്കും വേണ്ടുന്ന നെല്ലും പണവും തന്ന വന്നിരുന്നു. യോഗിയാതിരി അപായം വന്നപ്പോൾ പറവൂര്ക്ക ചിററൂര വണാവ തീട്ട എഴുതുവാൻ ഉള്ളതിന്ന വാതിൽമാടത്തിൽ

യോഗംകൂടിയപ്പോൾ കൃഷ്ണപട്ടര സർവ്വാധികാര്യക്കാര പെരുമ്പടപ്പ സ്വരൂപത്തുംകൽനിന്നു കല്പിച്ചയച്ചുവന്നു മാളിക മഠത്തിലിരുന്ന കാര്യംകൊണ്ട സംസാരിച്ചു പെരുമ്പടപ്പ സ്വരൂപത്തുംകൽനിന്നും വെണ്ണാട്ടുകരെനിന്നും പറഞ്ഞ തീർപ്പാനുള്ളത ഒക്കെയും പറഞ്ഞുവെച്ചു അവരോധം കഴിച്ചുകൊള്ളാമെന്ന വെച്ചു പിരികയും ചെയ്തു. 52-മതിൽ ഉല്പത്തികാംക്ക നീതി കല്പിച്ചു 56-മതിൽ കണ്ടെഴുത്ത ഉടഞ്ഞിയപ്പോൾ ദേവന്റെ വക ചുങ്കവും വഴിപ്പലങ്ങളും ചെരിക്കലങ്ങളും പെരുമ്പടപ്പ സ്വരൂപത്തുംകൽ നിന്ന എടുത്ത അവരോധവും പലകൂട്ടം കാര്യങ്ങൾക്കും തടസ്ഥമായി വന്നിരിക്കകൊണ്ട ആയ്ത ഒന്നും തീരാതെ നീതികൊടുക്ക കഴികയില്ലെന്ന പറഞ്ഞ നിന്നിരിക്കുമ്പോൾ 59-മതിൽ രാജാവ് ഇരിഞ്ഞാലക്കുടയ്ക്ക എത്തിയപ്പോൾ യോഗത്തുംകൽ ഉള്ള ആളുകളെയും ഇരിഞ്ഞാലക്കുടെ എത്തിച്ചു പെരുമനത്ത ദേവന്റെ വക മേപ്പുറത്ത തലപ്പിള്ളി നമ്പിടിമാരുടെ കാരാംകൂറസ്ഥാനം ഇരുഞ്ഞാട്ട ആക്കിവെച്ചു തരണമെന്നും ദേവന്റെ വക ഉല്പത്തികാംക്ക നീതി ഏകനുംവച്ചു തരണമെന്നും ആയത യോഗത്തുംകൽ ബോധിച്ചത മതിയെന്നും പള്ളിപ്പുറത്തുനിന്നുകൂടി ഏതാനും തരുവിക്കണമെന്നും ദേവന്റെ വക ഉല്പത്തികാം കണ്ടെഴുതേണ്ടായെന്നും കടിയനവന്മാർക്ക ദ്രവ്യം വാങ്ങിച്ചു എഴുതിക്കൊടുത്തിരിക്കുന്നത കണ്ടെഴുതി കടിയാനവൻമാർക്ക് ദ്രവ്യം വാങ്ങിച്ചു എഴുതികൊടുത്തിരിക്കുന്നത കണ്ടെഴുതി കടിയാനവൻമാർക്ക് കൂറനീതി എടുത്തുകൊള്ളാമെന്നും ആധാരംവെച്ചു ഉല്പത്തി കഴിഞ്ഞാൽ ദേവന്റെ വകയും കൂട്ടി വെച്ചു നീതി കുറച്ചു തരാമെന്നും പട്ടിസ്സോട്ട വഴിപ്പലം കൂടി മററുള്ള ചുങ്കങ്ങളോടുംകൂടി ഇരുഞ്ഞാട്ട ആക്കിവെച്ചു തരണമെന്നും ആയ്തിന്ന കാലത്തെൽ വരുന്ന മുതൽ തരാമെന്നും ഇതല്ലാതെ ദേവന്റെ പക്കൽ പറയേണ്ടും കാര്യങ്ങൾ ഒക്കെയും പറഞ്ഞു വക്കാമെന്നും രാജാവിങ്കൽനിന്ന കേൾക്കകൊണ്ട യോഗത്തുംകൽനിന്ന വെണ്ണാട്ടുകരെ ചെന്ന കുലശേഖരപ്പെരുമാളെ ധരിപ്പിച്ചാറെ അവിടെ വെച്ചു വിചാരിച്ചു അമ്പാടി പുതുവാളുകാര്യക്കാരെയും ലക്ഷ്മണ പിള്ളയെയും ഉടയൊൻ പിള്ളയെയുംകൂടി കല്പിച്ചു കൂടെ അയച്ചു തൃപ്പൂണിത്തുറെ വന്ന മലയിൽ കാരാംകൂറ സ്ഥാനം രാജാവിംകലേക്ക ആക്കി വെച്ചപ്പോൾ നടെ ആന പിടിച്ചാൽ പന്തിയിലാക്കവെള്ളത്തിനും കാരാംകൂറ സ്ഥാനക്കാരെ ചിലവിടുകയും മൂന്നിലൊന്ന കാരാംകൂറകാക്ക ചെല്ലേണ്ടത പററിക്കൊള്ളത്തക്കവണ്ണം യോഗത്തിംകൽനിന്ന എഴുതിക്കൊടുത്തിരിക്കുന്നു. നീതിക്ക പള്ളിപ്പുറം പെരുത്തുര പെരിഞ്ചെരിയിൽനിന്ന രണ്ടായിരംപറ നെല്ലും തച്ചിൽനിന്ന രണ്ടായിരം പറ നെല്ലും ഇങ്ങിനെ കാലത്താൽ നാലായിരംപറ നെല്ല കൊടുത്താൽ മതിയെന്ന രാജാവിങ്കൽനിന്ന അനുവദിച്ചു യോഗത്തുംകലെയ്ക്കുക എഴുതിത്തരികയും ചെയ്തു. ശേഷം ദേവന്റെ വക ഉല്പത്തികാം കണ്ടെഴുതേണ്ടയെന്നും കടിയാൻ ആധാരം വെച്ചൊഴിഞ്ഞാൽ ആ ഉല്പത്തി ദേവന്റെ വകയ്ക്കു കടിയാനവൻ കൂറ നീതി കൂട്ടി വച്ചത കുറച്ചുതരാമെന്നും ചെരിക്കലങ്ങൾ നടത്തിച്ചുവരുന്നതിൽ പതിവായിട്ട പൂജ അടിയന്തിരങ്ങൾ 1676 പറ നെല്ലു മകരസംക്രാന്തി പൂജയ്ക്കു 12000 കളിക്കായയും പന്തീരടീടങ്ങഴി നെയ്യും 5 നാഴി തേനും വിളക്കിന്ന 105 ചേന്ന എണ്ണയും തിരിനിലിന്ന 12 പണവും ചന്ദനത്തിന്ന 24 പണവും ചുങ്കവും വഴിപ്പലങ്ങളും കൂടി കാലത്താൽ 522 പണവും ദേവങ്കലേക്ക തന്നേക്കാമെന്നും കൊമ്പും കററിക്കാണവും എഴുന്തലക്കാണവും ദേവങ്കലേക്ക ഒപ്പിച്ചുതന്നേക്കാമെന്നും രാജാവിങ്കൽനിന്ന യോഗത്തുംകലെയ്ക്കു എഴുതിത്തന്നിരിക്കുന്നു. മലഞ്ചരക്കുകളും ശേഷം ചെരിക്കലങ്ങളിൽനിന്ന വരുന്നത നീക്കി ദേവന്റെ വകയ്ക്കു വരവുനുള്ളതെ രാജാവിങ്കൽനിന്ന തൃശ്ശിവപേരൂര എത്തി ആധാരങ്ങളും കണക്കുകളും നോക്കി നിശ്ചയിച്ചുകൊള്ളാമെന്നും അപ്പോൾ കൂടി തലപ്പിള്ളി നമ്പിടിമാര പറവട്ടാനിയിൽ കയറിയിരിക്കുന്ന ഉല്പത്തികാം ഒഴിപ്പിച്ചു തരാമെന്നും അവരോധം കഴിഞ്ഞാൽ രാജാവിങ്കൽനിന്ന നടത്തിച്ചു വരുന്ന ചെരിക്കലങ്ങൾ ഒഴിപ്പിച്ചു തരാമെന്നും കല്ലൂര നമ്പൂരിയെക്കൊണ്ട എഴുതിത്തരുവിച്ചു ദേവന്റെ കാരിയം വിചാരിക്കേണ്ടതിന്ന കല്ലൂര നമ്പൂരിയെ സമുദായമാക്കിവെക്കത്തക്കവണ്ണം വെച്ചു പിരിഞ്ഞു പെരുമനത്ത വന്ന നമ്പൂരിയെ സമുദായ സ്ഥാനത്തിന്ന എഴുത്തുകൊടുത്ത പിരിഞ്ഞിരിക്കുന്നു. കൊല്ലം 898-മത ധനു വ്യാഴം ചിങ്ങ ഞായറ 1-നു- ഉത്രാടവും വെള്ളിയാഴ്ചയും കൂടിയ ദിവസം അന്ന അസ്തമിച്ചു മിഥുനം രാശികൊണ്ട ഇടക്കോട്ട ദേശത്ത ചൊൻപിലാവിൽ തെക്കേടത്ത രാമൻ പരമേശ്വരനെ പെരുമനത്ത യോഗിയാതിരിയായിട്ട അവരോധിച്ചു അവരോധപ്രകാരം എഴുതിയ വരി. നടമണ്ഡകത്തിൽ പടിഞ്ഞാറ് തെക്കെ തൂണുകൾ കിഴക്കോട്ട നോക്കി ചിററൂരും അതിന്റെ വടക്കെ തൂണുംകൽ കിഴക്കോട്ട നോക്കി അവണാവും പലകയിൽ ഇരുന്ന മൂത്തേടത്ത മൂത്തത മണ്ഡപത്തിന്റെ തെക്കെ തിരുമുററത്ത വടക്കോട്ട നോക്കിനിന്ന ചിററൂര അവണാവ തീട്ട ചെത്തിയാര വായിച്ചു പിന്നെ നിപ്പട്ടത്ത നമ്പ്യാതിരിയെ ധരിപ്പിക്കയുണ്ടും അവസ്ഥയെന്നാൽ ചിങ്ങ ഞായറ 1-നു- യോഗിയാര അവരോധം നിശ്ചയിച്ചിരിക്കകൊണ്ട അവരോധത്തിന്ന എത്തേണ്ടതിന്ന യാത്ര പുറപ്പെടുകയും വേണം എന്ന എഴുതി ചിററൂര അവണാവു രണ്ടു പേരും ഇട്ട മൂത്തേന്മാര ഇരുവരും കൂടി കൊണ്ടുപോയി കൊടുത്ത നമ്പ്യാതിരിയ്ക്കു കൊടുത്ത അനന്തരം നമ്പ്യാതിരി പൊഴതനാക്കിപ്പുറപ്പെട്ട പെരുമനത്ത എത്തി പള്ളിപ്പുറത്ത നിന്ന ചിലവും കെട്ടിച്ചു കുറത്ത മററത്തിൽ ഒഴിപ്പിച്ചു അവിടെ ഇരിക്കയും ചെയ്തു. അവരോധത്തിന്ന മുഹൂർത്തം നിശ്ചയിച്ചു അയമില്ലാത്ത കന്മന്മാരെക്കൊണ്ട അവരോധത്തിന്ന വേണ്ടതുകൾവരെ അറിയിച്ചു മിഥുനം രാശികൊണ്ട നാട്ടവിലെ വാതിൽമാടത്തിൽ തെക്ക നിലവിളക്ക കൊളുത്തി തെക്കും വടക്കും പടിഞ്ഞാട്ട തിരിച്ചുവച്ചു

തെക്കെ വിളക്കുംകൽ ഗണപതി നിവെദിപ്പാൻ ഒരുക്കി പറയും നിറച്ച കുന്നത്തൂര ഗണപതി നിവെദിച്ച ഓനവും ഉഹ്ഹത്തവും ചെയ്ത ഗണപതി നിവെദിക്കുംപൊറം യോഗത്തുംകൽ ഉള്ളവര എല്ലാവരും വാതിൽമാടത്തിൽ വടക്കെ മുറിയിൽ ഇരിയ്ക്കണം. കുന്നത്തൂര ചന്ന യൊഗത്തൊട്കൂടി ഇരുന്നാൽ കിരങ്ങാട്ട തെക്കിനിയെടം നടുവിലെ മുറിയിൽ കയറി അവരൊധത്തിന്ന വെണ്ടതെക്കവെര എല്ലാവരും എത്തിയൊയെന്ന മൂന്നുവട്ടം ചൊദിച്ചപ്പൊറം അഞ്ചില്ലത്ത മൂത്തകന്മൻ എത്തിയെന്ന പറഞ്ഞശെഷം വടക്കെ വിളക്കിന്റെ കിഴക്ക പടിഞ്ഞാട്ട നൊക്കി ചിററൂരും തെക്കെ വിളക്കിന്റെ കിഴക്കപടിഞ്ഞാട്ട നൊക്കി അവണാവും അതിന്റെ തെക്ക കരവട്ടവണാവും പടിഞ്ഞാട്ട തിരിഞ്ഞ ഇരുന്ന ഗണപതി വിളക്കിന്റെ പടിഞ്ഞാറ തെക്കെടത്ത കടലാവും അതിന്റെ വടക്ക ഉള്ള നൊട്ടൂര കടലാവും അതിന്റെ വടക്ക തെക്കിനിയെടത്ത കിരങ്ങാട്ടും കിഴക്കൊട്ട നൊക്കി ഇരുന്ന ഗണപതി വിളക്കിന്റെ തെക്ക വടക്കൊട്ട നൊക്കി പാറവൂര നമ്പൂതിരിയും ഇരുന്ന എല്ലാവരും മേൽ പുടവമടക്കി ഇട്ട അടിയന്തിരം ഇരുന്നശെഷം കഴകത്തിലെ നായര പടിഞ്ഞാറ കിഴക്കൊട്ട നൊക്കി ചൂരക്കൊലും പിടിച്ച അടിയന്തിരത്തിംകൽ തൊഴുതപ്പൊറം തെരനമ്പൊ പള്ളിപ്പുറത്ത സമുദായമെന്ന നമ്പൂതിരി മൂന്നുവട്ടം പറഞ്ഞു. ആ സമയത്ത സംബന്ധി മാരാര ശംഖ് വിളിച്ചു. പിന്നെ നമ്പൂതിരി അവിടെനിന്ന എഴുനീറ്റ താന്നിരുന്നതിൽ സമുദായത്തിനെ ഇരുത്തി ചൂരക്കൊലും വാങ്ങികൊണ്ടുത്ത വാതിൽമാടത്തിൽനിന്ന എറങ്ങി നില്ക്കയും ചെയ്തു. എന്നാശെഷം ഇടയ്ക്കാട്ട പൊൻപിലാവിൽ തെക്കെടത്ത രണ്ടാമൻ പരമെശ്വരൻ പെരുമനത്ത യോഗിയാരെയെന്ന കിരങ്ങാട്ട തെക്കിനിയെടം മൂന്നുവട്ടം പറഞ്ഞു. അപ്പൊറം സംബന്ധിമാരെ മൂന്നുവട്ടം അനുവാദശംഖ് വിളിച്ച വാദ്യഘൊഷവും ഉണ്ടായി. യോഗിയാതിരിയ്ക്കും പുഷ്പാഞ്ജലിയ്ക്കും ദിവസവും കുറിച്ച നടുവിലെ മുറിയിൽ അടിയന്തിരവും പിരിഞ്ഞു എല്ലാവരും വടക്കെ വാതിൽമാടത്തിൽ വട്ടംഇരുന്ന നമ്പിടിമാരെ കാരംകുറകാര രണ്ട പരിഷയും കിഴക്കെ അററത്ത നിന്ന കൊടശ്ശെരി മൂത്തകന്മളും എളയ കന്മളും ഉള്ള നാട്ടെ പടനായരും പനമുക്കത്ത കന്മളും ചട്ടത്താമിഴക്കന്മളും ചെന്ത്രാഴിശ്ശെരെ മൂത്ത നമ്പിടിയും എളയ നമ്പിടിയും ഇരുട്ടേടത്ത നമ്പൂരാരും നടയിൽ പടിഞ്ഞാറെ അററത്ത നിന്ന യൊഗിയാരെ കൊണ്ടുപൊരാൻ പൊകുന്നതിന്ന ദിവസം കുറിച്ച് പൊകെണ്ടും പ്രകാരം എഴുതിയ വരി. യോഗത്തിംകൽനിന്ന അഞ്ചില്ലത്ത കന്മന്മാരെയും ചിററൂര അവണാവ മനുഷ്യരായ വെള്ളായ്മ മൂത്താന്മാരെയും നമ്പിടിമാരുടെ മനുഷ്യന്മാരെയും ആയുധത്തൊടുകൂടി അയയ്ക്കുന്നവരും. പാദമൂലത്തിന്ന ഭാരൊദ്ധാരകരും തണ്ടെടുപ്പാൻ പണ്ടാരപ്പറമ്പന്മാരും അയ്യാത്ത പറമ്പൻ പലകയും പുളവന്മാര കത്തുവിളക്കും തെങ്ങവൻ ഉടുപ്പാൻ പുടവയും എടുത്ത എല്ലാവരും ഇല്ലത്ത ചെന്നാൽ മൂത്തത പലകമെടിച്ച് ഇട്ടശേഷത്ത യോഗിയാര ഇരുന്ന മൂത്തതും എല്ലാവരും തൊഴുത ശംഖ് വിളിച്ച തണ്ടും എററിപൊന്ന കുണ്ടുകാട കടക്കുംപോറം യോഗത്തുംകൽ ഉള്ളവരും അകംപിടിയും വാദ്യവും കൂടി ചെന്ന എതിരെററ ഘോഷത്തോടുംകൂടി യോഗിയെ തിരി മഠത്തിൽ എത്തി മുഹൂൎത്തത്തിന്ന യോഗത്തുംകൽ ഉള്ളവര യോഗിയാതിരിയെ അകത്ത കടത്തി തൊഴുവിച്ച പുഷ്പാഞ്ജലിയും പ്രതിഗ്രഹവും ചെയ്ത മഠത്തിൽവന്ന പലക ഇട്ടിരുന്ന കിരങ്ങാട്ട തെക്കിനിയെടം മൊതിരം ഇടീച്ചാൽ അടയാളവും എഴുതി ക്ഷേത്രം നടത്തിപ്പു ഉടങ്ങുകയും ചെയ്തു. മുഹൂൎത്തം പറകയും മുഹൂൎത്തദക്ഷിണ കൊടുക്കയും മഴമംഗലംതന്നെ ചെയ്തത. യോഗിയര എത്തികഴിഞ്ഞാൽ വാതിൽമാടത്തിൽ അവരൊധത്തിന്ന അനുവാദം കഴിഞ്ഞ എല്ലാവരും പിരിയാവൂ. അനുവദിക്കെ തെക്കെയും കിരങ്ങാട്ട തെക്കിനിയെടം വേണം. അവരോധത്തിന്ന നീക്കം വരുമെങ്കിൽ അപ്പൊറം ചിററൂര് അവണാവ പറവൂര് എഴുതികൊടുക്കൈ ആവു. യോഗത്തുംകലെ വക എഴുത്തുള്ളവരും കൊണ്ടുപൊയികൊടുക്കവാനും മൂന്നുടത്ത മൂത്തതുതന്നെ വെണ്ടത. അവരൊധത്തിൽ ദിവസം സൎവ്വവും അത്താഴത്തോടും പള്ളിപ്പുറത്തുനിന്നും കഴിച്ചു. അന്ന വിശെഷപൂജയും പള്ളിപ്പുറത്തുനിന്ന കഴിച്ചിരിയ്ക്കുന്നു. നമ്പൂതിരി പെരുമനത്ത എത്തി അവരൊധം കഴിഞ്ഞശെഷം തിന്നും വെണ്ടെതക്കവർക്കും ചിലവ ശേഷവും പള്ളിപ്പുറത്തുനിന്നതന്നെ കൊടുത്തിരിയ്ക്കുന്നു. ചിങ്ങഞായറ 1-നു- അവരൊധം കഴിഞ്ഞ 2-നു- സൎവ്വവും പ്രതിഗ്രഹവും സൎവ്വാണിയും കഴിഞ്ഞ മൂന്നാംതിയ്യതി തുടങ്ങി 17-നു- പുഷ്പാഞ്ജലി ദിവസത്തെളവും ചിലവും അന്നത്തെ സൎവ്വവും വിളക്കും വിശെഷപൂജയും തച്ചിൽനിന്നത്രെ കഴിച്ചിരിയ്ക്കുന്നു.

എരട്ടയപ്പന്റെ മലപ്പുറത്തെ അതിരുകളുടെ അരതികളുടെയും ദെശങ്ങളുടെയും മലപ്പുറത്ത വെച്ച വിചാരിക്കാതെ ഇരിപ്പാൻ വെണ്ടിയെഴുതിയ വരി. കിഴക്ക ചുരയെററിന്നും കിഴക്ക ശംഖകത്തിപ്പാറയ്ക്കും പടിഞ്ഞാട്ടും തെക്ക കാരിയ്ക്കൊട്ടെ എടത്തിൽനിന്നും വടക്കൊട്ടും വടക്ക മച്ചാട്ട അകമലയിൽ എഴുത്തുകല്ലിന്നും തെക്കൊട്ടും മലപ്പുറം 36-കാതം. ഉള്ളതിൽ മച്ചാട്ട് അകമലയും മച്ചാട്ട് അകമലയിലും പാറളിക്കാട്ടും കളപാറയും. അതിന്റെ കിഴക്ക എളയാളും അതിന്റെ പടിഞ്ഞാറ വെള്ളിനിയും അതിന്റെ തെക്ക ശംഖകത്തിപ്പാറയും അതിന്റെ വടക്ക പുത്തൻചിറയും അതിന്റെ പടിഞ്ഞാറെ വെള്ളാനിയും അതിന്റെ വടക്ക കരടിക്കാടും അതിന്റെ തെക്ക എരുമപ്പാറയും അതിന്റെ തെക്ക മൂടലും അതിന്റെ തെക്ക പൊത്തവെട്ടിപ്പാറയും അതിന്റെ കിഴക്ക ഉപ്പുംകല്ലും അതിന്റെ തെക്ക കൊളവൻ കുന്നും അതിന്റെ തെക്ക മാരാൽ കല്ലും അതിന്റെ തെക്ക ഉരമൻ കൊടും അതിന്റെ കിഴക്ക കാഞ്ഞിക്കാട്ടും അതിന്റെ കിഴക്ക എലനൂരും അതിന്റെ കിഴക്ക കിഴക്കെണ്ടനും അതിന്റെ കിഴക്ക മെൽകണ്ടനും അതിന്റെ തെക്ക ചക്കിപ്പാറ

യും അതിന്റെ പടിഞ്ഞാറ ചേലുകണ്ടം അതിന്റെ പടിഞ്ഞാറ നല്ലാമ്പിക്കരയും അതിന്റെ തെക്ക കരിക്കളവും അതിന്റെ കിഴക്ക നാരായിലും അതിന്റെ കിഴക്ക മന്നാങ്ങലവും അതിന്റെ കിഴക്ക പുലിക്കുന്നിയും അതിന്റെ വടക്ക നാരമ്പാടവും അതിന്റെ തെക്ക എ ര ത്തി ം ക ലും അതിന്റെ പടിഞ്ഞാറ കാരിക്കളവും അതിന്റെ പടിഞ്ഞാറ പാറക്കടവിലും അതിന്റെ കിഴക്ക പാണ്ടിക്കടവിലും അതിന്റെ കിഴക്ക മുപ്പിളിയത്തും അതിന്റെ വടക്ക കല്ലരങ്ങും അതിന്റെ കിഴക്ക പിലാക്കോട്ടും അതിന്റെ കിഴക്ക കറിഞ്ഞിക്കോട്ടും അതിന്റെ തെക്ക വൻപിടിയവും അതിന്റെ കിഴക്ക കോടശ്ശേരിയും അതിന്റെ കിഴക്ക അയിരക്കോട്ടും അതിന്റെ കിഴക്ക ഉപ്പുംകല്ലും അതിന്റെ തെക്ക മഞ്ഞപ്പറയും അതിന്റെ തെക്ക മണ്ണുഴിയും പാലപ്പിള്ളി മലപ്പുറം കോടശ്ശേരി കയ്മൾക്ക കാരാംകൂറ് സ്ഥാനം ആകുന്നിയിരിക്കുന്നതും അതിന്നും കിഴക്ക പള്ളിമാടത്തിന്നും പുറമെ ഉള്ള മലപ്പുറവും പാലപ്പിള്ളിയും കൂടിയുള്ളതു മുപ്പത്താറ കാതം മലപ്പുറം എരട്ടയപ്പന്റെ ആകുന്നത. കണ്ടകളം 20–പറയ്ക്കും ശൂൽപ്പുരം 300–പറയ്ക്കും പൂവ്വഞ്ചിറ 30–പറയ്ക്കും 30 പറയ്ക്കും തളപ്പാടം ചക്കമലയ്ക്കൽ 340–പറയ്ക്കും ചേറകറിപ്പാടം 140–പറയ്ക്കം വടക്കംപാടം 100–പറയ്ക്കം തെക്കംപാടം 160–പറയ്ക്കം കന്നത്ത്പാടം 200–പറക്കം എടപ്പലത്തപാടം 300–പറയ്ക്കം ചേമ്പത്തെ പാടം 300–പറയ്ക്കം ചരണോത്ത പാടം 300–പറയ്ക്കം പടപ്പാടം 200–പറയ്ക്കം പരണഞ്ചേരി തോടിന്നു വടക്കപുറവും കിഴക്കപുറവും കൂടി 160–പറയ്ക്കം തെരട്ടത്തോടിന്ന തെക്കപുറം തെവർപാടം 200–പറയ്ക്കും കളിയോട 60–പറയ്ക്കും ചേറകരത്തരിപ്പ 20–പറയ്ക്കം പാലത്തിംകൽ60–പറയ്ക്കും മാരങ്കൽ 1300 പറയ്ക്കം കണ്ണര 200പറയ്ക്കം തൊട്ടുവിതി 200 പറയ്ക്കും പൊരക്കലക്കാട 150 പറയ്ക്കും മന്നങ്ങലം 200പറയ്ക്കും കള്ളായിപ്പാടം 50പറയ്ക്കും മഞ്ഞുഴി1200 പറയ്ക്കും നാട്ടമ്പോടം 500പറയ്ക്കും പൊരിക്കുന്ന170 പറയ്ക്കും ചേമൃര പാടം 500 പറയ്ക്കും അരിനൂപ്പടി 70 പറയ്ക്കും കണ്ണംശേരത്ത കിഴക്കെ നടയിൽ 130 പറയ്ക്കും അരഞ്ചേരിപ്പുമി 150 പറയ്ക്കും പലാപ്പാടം 100 പറയ്ക്കും അതിന്റെ വടക്കപ്പാടം 50 പറയ്ക്കും എടത്തുംകൽ പാടം 100 പറയ്ക്കും ചേറകന്നിൽ 150 പറക്കം കാരിക്കളങ്ങരപ്പാടം 150 പറക്കം കോമ്പ 50 പറക്കം മട്ടോട 100 പറക്കം കുള 100 പറക്കം വലിയ കുള 230 പറക്കം മഞ്ഞനാട 70 പറക്കം കറിക്കാട്ടിരി 430 പറയ്ക്കും പപ്പിടിയം 800 പറക്കം കോടശ്ശേരി 800 പറക്കം മണ്ണുഴി 230 പറക്കംകൂടി ആകെ മലപ്പുറത്തുള്ള നിലം 10,650 പറ.

മാടത്തുംമെൽ ശ്രീകോവില പണിയ്ക്കു കാരാംകൂറ എഴുതിക്കൊടുത്തതിന്റെയും പൊളിച്ചെഴുതി പണം എടുത്തതിന്റെയും വരി. പള്ളിപ്പുറത്ത് ചെരിക്കല്ലുംമെൽ കാരാംകൂറം മെൽക്കടികളോട പണം വാണിച്ച കാരാംകൂറ എഴുതിക്കൊടുത്ത കാണപ്പണം 22,228 ദെവസ്വം കടികളെക്കൊണ്ട എടുപ്പിച്ച കാണം പണം 12,500. കൊല്ലം 933–മത കുംഭഞായറവരെ പൊളിച്ചെഴുതി കടികളോട സാക്ഷി ദെവസ്വം വകയ്ക്കു പിരിച്ച പണം 11084. പറത്തൊര ചെരിക്കല്ലിന്മേൽ സാക്ഷിപ്പണം 5055. പള്ളിപ്പുറത്ത ഒപ്പ പണം 850 അടപ്പത പണം 1400.

ചെമ്പറയിൽ പണ്ടശ്ശമെനവന്ന ഉശിക്കാണം പണം 500 പുറത്തൂര കൂടെ പണം 200 അടപ്പും ഒപ്പുംകൂടി പണം 180 പെരിഞ്ചേരി പാറയ്ക്കട്ടെ ഉണിക്കണ്ടമെനവന്ന ശുശിക്കാണം പണം 300 സാക്ഷിപ്പണം 500 ഒപ്പും ശുശിയും കൂടി പണം 450 അടപ്പത പണം കൂടിട്ട കാറളം ചെരിക്കല്ലുംമെൽ മാടത്തിലപ്പന്റെ തിരുനിലം പൊളിച്ചെഴുതിയിട്ടുള്ള വകയിൽ സാക്ഷിപ്പണം 6,0000 അടപ്പത ഒപ്പും ശുശിയും കൂടിട്ട പണം 150–. ശുശിപ്പണം ഉണിക്കണ്ടമെനവന്നതന്നെ 850. മണലൂരും വെള്ളണൂരുംകൂടി പിരിഞ്ഞ പണം 1,800. പാലിയംദേശത്ത പിരിഞ്ഞ പണം 2900. ഇഞ്ചമുടി ചെരിക്കല്ലുംമെൽ പിരിഞ്ഞ പണം 7800. പുറഞ്ചിലവ പിരിഞ്ഞ പണം 3500. പൊന്നാമ്പിള്ളി പൊളിച്ചെഴുതിയതും ഇല്ല. മണലൂരും പുറത്തൂരും ചിറവൂര കാരാംകൂറം അവണാവിലെ കാരാംകൂറം പൊളിച്ചെഴുതിയതും ഇല്ല. ആകെ പുറഞ്ചിലവുംപ്പടെ പിരിഞ്ഞ പണം 79,367. കമ്മൽവീട്ടിൽ കമ്മളുന്ന കാരയിൽ നായരുടെ തറവാട ഒഴുക്കി നടക്കകൊണ്ട കമ്മളുടെ പൊളിച്ചെഴുത്തും ഒല്ലര അങ്ങാഴപൂമ ചെരിക്കലം പൊളിച്ചെഴുത്ത വകയിലും കൂടി പിരിഞ്ഞ പണം 90,031. വകരണ്ടിൽ പിരിഞ്ഞ പണം 8ഌ,398. മൂത്തതിന്മാര അവരുടെ കാരായ്മ അനുഭവിച്ചുവരുന്നതിൽനിന്ന ദെവസ്വത്തിൽ വച്ചിരിയ്ക്കുന്ന ചോറനാരായം 2ക്ക ചെതച്ചില്ലത്ത വിട്ടുകാരനോട കാണം എടുപ്പിച്ച പണം 800–ം പുളുവന്മാരുടെ ചോറ നാഴി $3\frac{3}{4}$ ക്ക കാണം പണം 375. അച്ചൻകണ്ടത്ത നമ്പ്യാരുടെ ചോറ് നാഴി 2ക്ക കാണം എടുപ്പിച്ച പണം 200. വക മൂന്നിൽ ചോറ കണക്കാക്ക് ചോറ കാണംഎഴുതി എടുപ്പിച്ച പണം 1,375 ആകെ വക 2ൽ പിരിഞ്ഞ പണം 89,773.

പെരുമനത്ത എരട്ടയപ്പന്റെ വക മെല്വാരം പിരിയാനുള്ളതിന്ന വിവരം എഴുതിയ വരി:– പയ്യാക്കരെ പാലപ്പിള്ളി തൊറമാട്ടുനിന്നുകൂടി കാലത്താൽ വരേണ്ടും മെല്വാരം നെല്ല 22,000 പറയും, പാലക്കാട്ടുശേരി കൊല്ലംകോട്ട പയ്യനൂര ദേശം 7000 പറ വിത്തിന്ന നിലത്തിന്ന മിച്ചവാരം നെല്ല തെക്ക പാണ്ടിയാൽ കൊട്ടിന്ന 20000 പറ നെല്ല മെല്വാരം കാലാൽ വരണം. എളമാട മലപ്പുറം 3000 പറ വിത്തിന്ന നിലം ആയത ഇരിങ്ങാലക്കുട കൂടൽമാണിക്കത്തിന്റെ അടിയാൻ മണ്ടശേരത്ത പെരുമ്പിക്ക പാളമാകൊണ്ട് അവന്റെ കാണം കെട്ടിപ്പിച്ച എളമാട്ട വന്ന ചന്ദ്രശേഖരൻ എന്ന ആനക്കിടാവിനെ കയറവാൻ കാരണമാകുന്നു. പെരുമ്പിള്ളി ദെവസ്വത്തിൽ 5,000

പണം തന്നവെച്ച കണ്ടുയെന്ന കെട്ടകെളി. അരിമ്പ്ര ചെരി
ക്കലെത്തുംമെൽ 42,000 പറ വിത്തിന്ന നിലം 84 പറ നെ
ല്ല മെല്വാരം. അത വിളക്കിന്നും ഉഷഃപൂജക്കും വെച്ചിരി
ക്കുന്നു. പള്ളിപ്പുറം പൊറത്തുര ചെരിഞ്ചെരിയും കൂടി
14,000 പറ വിത്തിന്ന നിലം ഉച്ചപൂജക്കും അഗ്രത്തിന്നും
കൂത്തിന്നും. മാടത്തിലപ്പന കാറളത്ത ചെരിക്കല്ലുംമെൽ
1,200-കലം വസ്സ ഇഞ്ചമുടി ചെരിക്കല്ലുംമെൽ 3,200-
കലം വസ്സ ആകുന്നത. പാലിയം ശെഷത്ത 12,200-കലം
വസ്സ ഭണ്ഡാരം ചെരിക്കലം പൊന്നാമ്പിള്ളി 2,900 പറ
നെല്ല മെല്വാരം എടവരെനാട്ടിൽ മെല്വാരം നെല്ല പറ
5,006-ം മലപ്പുറം 36 കാതത്തിന്നകത്തവരെണ്ടും മെല്വാര
വും മലഞ്ചരക്കും കററിക്കാണവും മൂന്ന പണം മുതൽ ദെവ
സ്വവും എളന്തലക്കാണവും ഉണ്ട. ഒല്ലൂച്ചെരിക്കല്ലുംമെൽ
കാലത്താൽ ഒട്ടക്കവരെണ്ടും നെല്ല 2,900 പറ നെല്ലിൽ
ദിവസംതോറം 120. തച്ച പണിയിക്കണം. കാറളത്ത
കീഴ്മരിയാദ ചെന്നിരുന്ന പ്രകാരങ്ങൾ തളിപ്പറമ്പത്ത പെ
രുംതൃക്കോവിൽ അപ്പനും പെരുവനത്ത മാടത്തിലപ്പനും
കൂടിയുള്ള കാറളം ചെരിക്കലം പെരുംതൃക്കോവിൽ അപ്പന
121½ മുറി പറമ്പും 1,120-കലം വസ്സവും മാടത്തിലപ്പന
40 മുറി പറമ്പും 1,200—1,200-കലം വസ്സവും ഇതിന്ന
കാരാംക്കൂറ കാരചിററൂര അവണാവു രണ്ട കൂററകാക്കും മെല്വ
വാരവും ശെഷം കാരയ്ക്ക കടികൾക്കായിട്ട കൊഴക്കൊട്ടത്ത
വെറമ്പാട്ടും നെല്ല മെടിക്കയാൽ പെരുംതൃക്കോവിൽ കീഴ
പടിയായിട്ട കുമരഞ്ചിറെ ഭഗവതി മാടത്തുംമെൽ കീഴ്പടി
യായിട്ട മൂലയിൽ ഗണപതി കുമരഞ്ചിറെ ശാസ്താവു കുമര
ഞ്ചിറെ ഗണപതി തിരുവെള്ളക്കാവിൽ ശാസ്താവു കീഴ്പടി
യായിട്ടും പന്നിയൂര പെരുംതൃക്കോവിൽ മടത്തിലെ പടി
ഞ്ഞൂൽ ചുങ്കം പെരുംതൃക്കോവിൽ 5050 കൈനിലെക്കാ
വിൽ മാടത്തിലപ്പന്റെ ചുങ്കവും ചിററൂര
അവണാവുര രണ്ടെടത്തുംകൂടി എട്ടത്ത കുമരഞ്ചിറെ
ചുങ്കം മാടത്തിലെയ്ക്ക വഴിപ്പലവും സംകെതമരിയാദ ഒ
ക്കെയും മടത്തിലെങ്ങി പറഞ്ഞുതീർത്തിരിപ്പു. ശെഷത്ത പി
ഴച്ചാൽ പെരുംതൃക്കോവിൽ അന പിഴ ചെയ്യ. അങ്ങിനെ
ചെന്നിരുന്ന കാലത്ത ആററപുറത്ത തെവലപ്പറമ്പിൽ കുഞ്ഞു
ക്കറപ്പിനെ വെള്ളസ്സ നമ്പൂര കല്പിച്ചയച്ചിട്ട കുമരഞ്ചിറ
ഭഗവതിയുടെ ശ്രീഭണ്ഡാരം എടുത്ത കൊല്ലം 910-ാമത വൃ
ശ്ചികഞായറ 8-തിയ്യതി ചൊവ്വാഴ്ച കൊണ്ടുപൊകകൊ
ണ്ടും കിഴപ്പിള്ളിശ്ശെരി കല്ലാററ ശംക വടക്കെ അമ്പല
ത്തിൽ കടന്ന മുതലും ഭണ്ഡാരവും പൊളിച്ചു കൊണ്ടുപൊക
കൊണ്ടും കൊല്ലം 912-ാമത മെടഞായറ 25-നു- ഞായറാ
ഴ്ച നെടിയിരിപ്പു സ്വരൂപത്തുംകൽ എഴുന്നെള്ളിട്ടിന്ന പെരു
മനത്ത ഇരുമന്നൂരെത്ത അന്യായം പറഞ്ഞാറെ വെള്ളസ്സ ന
മ്പൂരെ എത്തിച്ചു മൂന്ന ഗ്രാമത്തിൽ സഭയിലുള്ളവരെയും
എത്തിച്ചാറെ ഭണ്ഡാരം കൊണ്ടുപൊയ സംഗതികൊണ്ടും
തിരുമുക്കനാട്ട ഉരാഴ്മകൊണ്ടും 900 ആമത ആ സ്ഥാനം
കൊണ്ടുചെന്നത മുടങ്ങിയതുകൊണ്ടും കാറളത്ത അരുമ്പിള്ളി
പറമ്പിൽ നമ്പൂര 470 പറ വിത്തിന്ന നിലം ഒഴുക്കിയ
തുകൊണ്ടും കിഴററമ്മളി ദെവസ്വം 10,5000 പണത്തിന്ന
600 കലം വസ്സ നൊട്ടമ്പിള്ളി നായര നെട്ടംകൊണ്ട ദെവ
സ്വംകൊണ്ടും വെള്ളാനി ഞാലക്കളങ്ങരെ ചിററൂര മളുക്കാ
രമുക്ക പനയംതെള്ളി നമ്പിള്ളററിലെക്കും കൂടിയുള്ള ദെവ
സ്വം എടപ്പുറമ്പിൽ ചപ്പന്റെ തറവാട്ട് ഒഴുക്കി ദെവസ്വം
നടക്കുന്നതുകൊണ്ടും പറഞ്ഞാറെ പലകുറിയും കാര്യം കെട്ടൻ
32-മത ചിങ്ങഞായറ 22-നു- കുമരഞ്ചിറെ ദെവസ്വം
ഭണ്ഡാരം 2500 പണം ഇട്ട ഭഗവതിയുടെ നടയ്ക്കൽവെച്ച
പിഴ ചെയ്യുമെന്ന വെള്ളസ്സ നമ്പൂരെ അനുവദിച്ചശെഷം
കാര്യം കൊണ്ട 23-നു- എന്ന കുറിച്ച പിരിഞ്ഞതുകൊണ്ട
അവ്വണ്ണം ഇരിയ്ക്കുന്നു. പയ്യന്നൂര ചെരിക്കല്ലുംമെൽ എരട്ട
യപ്പന ഉള്ള വസ്സവും കാരാംക്കൂററിന്റെയും കണക്ക. കൊമ്പ
കത്തിപാറ നിലം 20 പറയ്ക്കും പയ്യന്നൂപൊടം എന്ന ഉപ
യം 120 പറയ്ക്കും മുള്ളകൊളമ്പയെന്ന ഉപയവും കവർപെ
റയെന്ന ഉപയവും കൂടി 30 പറയ്ക്കും മതക്കാടയെന്ന ഉപ
യം മൂന്നും 720 പറയ്ക്കും തരത്തിൽപാടംയെന്ന ഉപയം 80
പറയ്ക്കും നെമ്പിടിയംയെന്ന ഉപയം 30 പറയ്ക്കും ചാത്തൻ
ചിറയ്ക്ക മെല്ലാട്ട ചിറപ്പുട്ടയെന്ന ഉപയം 300 പറയ്ക്കും പെ
രികൊളത്തിന്ന വടക്കൊട്ടും കിഴക്കൊട്ടും കൂടി കൊളമ്പയെ
ന്ന ഉപയവും കൂടി 300 പറയ്ക്കും നിറകാളിചിറയെന്ന ഉപ
യം 30 പറയ്ക്കും ചൂരിക്കാട്ടിൽ 200 പറയ്ക്കും മെല്വരിക്കാ
ട 30 പറയ്ക്കും കാളമൂളിപാട്ടും തൊട്ട പാടം കൂട്ട ചാത്തൻ
ചിറ തൊട്ടിന്ന തെക്കൊട്ട പടിഞ്ഞാട്ട രണ്ട ഇരിപ്പുകാ
ലൊളവും കിഴക്ക ആനകത്തൻ ചിറയ്ക്കലൊളവും നടപ്പുറം
പാട്ടം 500 പറയ്ക്കും ഞെരിഞ്ഞിക്കളത്തിന്ന കിഴക്കൊട്ട
തെരുവിൽ പാടം 500 പറയ്ക്കും അലടിച്ചിന്റെ പാടം
120 പറയ്ക്കും പനങ്ങാട്ടിരി പാടം 200 പറയ്ക്കും കല്ലാ
റ കളമ്പ 100 പറയ്ക്കും അലടിപ്പാടം 150 പറയ്ക്കും
വെള്ളാടൻ ചിറ 300 പറയ്ക്കും ഇമ്പിരിക്കാട 300 പറ
യ്ക്കും പുളിയന്താണി 300 പറയ്ക്കും തൊട്ടപാടം വട്ടം
400 പറയ്ക്കും മാടത്തിനാൽ ചിറവട്ടം നൂറ പറയ്ക്കും
കൂടി ആകെ വിത്തു വാ പറ 4950. കാരംക്കൂററിൽ വിരുതി
യിൽ വസ്സവിന്റെ വിവരം കണക്ക. തടനാരയെന്ന ഉപയം
400 പറയ്ക്കും തെട്ടങ്ങര 20 പറയ്ക്കും ഞാങ്ങപൊററ
700 പറയ്ക്കും കൈമുക്ക എന്ന ഉപയം 500 പറയ്ക്കും
പൊന്മൽകണ്ടത്ത പാടം 300 പറയ്ക്കും അളിക്കുളപ്പറ
മ്പും കൊട്ടംകൂടി 700 പറയ്ക്കും ഒട്ടക്കഴിയും പൂരന്താട്ടവും
കൂടി 150 പറയ്ക്കും കുന്നങ്ങളംയെന്ന ഉപയം 110 പറ
യ്ക്കും വെലങ്ങൾ പാടം എന്ന ഉപയവും തച്ചക്കാടയെന്ന
ഉപയവും നെട്ടങ്ങാടയെന്ന ഉപയവും ചിരണിപ്പാടംയെന്ന
ഉപയവും കൂടി 360 പറയ്ക്കും ഒടിഞ്ഞിലയെന്ന ഉപയവും
വെലാമ്പാടംയെന്ന ഉപയവും കൂടി 350 പറയ്ക്കും ചിറ
ക്കാലയെന്ന ഉപയം 200 പറയ്ക്കും വടക്കാലയെന്ന ഉപ
യം 200 പറയ്ക്കും മുക്കാടയെന്ന ഉപയം 220 പറയ്ക്കും
കൊട്ടക്കറിച്ചി എന്ന ഉപയം 380 പറയ്ക്കും പറത്തൊള

ച്ചെന്ന ഉപയം 70 പറയ്ക്കും ചെറിങ്ങാട്ടിരിയും പണി ക്കോലയും കൂടി 800 പറയ്ക്കും ആകെ വിത്ത പാട പറ 5920. ആച്ചംകോറത്ത അവനും പാരണേരിയവനും ആക്കം പറമ്പത്തവനും ചിററൂര സ്വരൂപത്തുംകലെ അടിയാര ചെരിക്കലെത്തുംമേൽ കയ്യാരാക്കി വെച്ചിരിക്കുന്നു. 3900 പറ വിത്തിന്ന നിലം അവൎക്ക പാട്ടമായി കൊടുത്തിരിക്കുന്നു. കാലംതോറം അവർ പക്കൽനിന്ന ചിററൂര സ്വരൂപത്തുംകലെക്ക 56 കലി നെല്ലും 64 പണവും അരനാഴിശ്ശ നെയ്യും കാലം ഒന്നിന്ന പെരുമ്പിള്ളിശ്ശേരി കൊണ്ടുചെന്ന കൊടുക്കണം. അതിൽ പാരണേരിനിന്നും നെല്ല കലം 24ക പറ 240 പണം 32 അച്ചംകോത്തനിന്ന നെല്ലുകലം 18-കപറ 180-ം പണം 22-ം ആക്കംപറത്തനിന്ന നെല്ല കലം 14 പറ 20- പണം 140 നെല്ല മൂന്നേടത്തനിന്നും ഇരുന്നാഴിശ്ശ. ആക്കം പറമ്പത്തവൻ മുടിഞ്ഞ ഒല്ലത്തിയത ഭഗവതി ദേവസ്വത്തിലെയ്ക്ക ആക്കിയിരിക്കുന്നു. യോഗ അടിയന്തിരം തേവടിക്കാവിൽ അവകാശം അവണാസ്വരൂപത്തും കലെയ്ക്കുകൂടി ഉണ്ടാകയും മുമ്പും ആക്കം പറമ്പത്തവൻ മുടിഞ്ഞിട്ട പാരണേരിയെ ആക്കിയിരിക്കുന്നു. വടക്കേമാത്തും ചെറിക്കല്ലും ചിത്തിനിശ്ശേരി ചെറിക്കല്ലും ആഴാഞ്ചെരിക്കല്ലും ചിററൂസ്വരൂപത്തുംകലെയ്ക്കുകൂടി കാരാംകൂററിൽ അവകാശം ഉണ്ട. തച്ചങ്ങാട്ടും വീമിപല്ലവും ചിററൂസ്വരൂപത്തുംകലെക്ക പ്രത്യേകമാകുന്നു. ദേശങ്ങളിൽ ചിററൂസ്വരൂപത്തുംകലേക്ക് ഉള്ളടത്തോളവും എളംകൂററിന്നും ചങ്ങാതം. മുഖംനോക്ക കളകാളിക്കളങ്ങരെ 60 പറ വിത്തിന്ന ഏഴിളക്കളങ്ങരെ 40 പറ വിത്തിന്ന നിലം ഇതിൽ ഏരട്ടയപ്പന്റെ കാരാംകൂറ വിത്തപാട പറ 50. തലപ്പിള്ളി നമ്പിടിമാൎക്ക് മലയിൽ കരായ്മചെന്ന പ്രകാരം എഴുതിയ വരി: ഏടയൂര ഏടശേഖര നമ്പിടിക്ക കരായ്മകൊടുത്ത നമ്പിടിക്ക ഇര നായക്ക് പ്രഭുത്വവും ആകുന്നത. ആ തറവാട്ടുകാരും അവര തമ്മിൽ ഗൃഹഛിദ്രം ഉണ്ടാകകൊണ്ട കണ്ടൻ നമ്പിടി പാതിപകുത്ത അവരും പാവട്ടാനി നമ്പിടിമാരും തമ്മിൽ ചേൎന്നിരുന്നേടത്ത പാവട്ടാനി നമ്പിടിമാരുടെ ഭരവാട്ട തലപ്പിള്ളി കക്കാട്ട പുന്നത്തൂരക്ക ഒല്ലത്തിയാറെ പാവട്ടാനി നമ്പിടിമാരും ഏടശേഖര നമ്പിടിയും തമ്മിൽ ചേൎന്നിരുന്നേടത്ത സ്വസ്ഥം ഉണ്ടന്നവെച്ച ഏടയൂര നാട്ടിൽകടന്ന ബലംചെയ്ത നടക്കകൊണ്ട ആയ്ത സമ്മതിച്ചുകൂടായെന്നവെച്ച കിടന്നേടത്ത 84-കാലം കാരായ്മ വെച്ച സമ്മതിച്ചുകൂടായെന്ന വച്ചു കിടന്നേടത്ത ഏളനാട്ട മലയിൽ ഒരു ആനക്കിടാവ കുഴിയിൽ ചാടിയതിനെ കൂടൽമാണിക്കത്തിനുള്ള മലപ്പുറം എന്ന വച്ച കുഴിയിൽനിന്നും കയററി പള്ളനാട്ട പന്തിയിൽ ഇരിങ്ങാലക്കടക്കാര കൊണ്ടുപോയി നിൎത്തിയിരിക്കുന്നേടത്തനിന്ന ആ ഉരുവിനെ കൊണ്ടുപോരത്തക്ക കൊല്ലം 881-ാമത കുംഭഞായററിൽ നമ്പിടിമാരെ ള്ളളി ഉരുവിനെ കൊണ്ടുപോന്നതിൽ പിന്നെ നമ്പിടിമാരായി ചേൎന്ന ചെല്ലുന്നു. പയ്യൂക്കര മലപ്പുറം ഇറമാട്ട നായരെയും പാലപ്പിള്ളി മലപ്പുറം കൊടശ്ശേരി കയ്മൾക്കും

കാരായ്മ ആക്കിയിരിക്കുന്നേടത്ത തോറമാട്ട തറവാട്ടുകാരും സ്ഥാനങ്ങളും ആളുകളും ഇല്ലാതെ ആയാറെ ആ തറവാട്ടുകാരും സ്ഥാനങ്ങളുംകൂടി കൊടശ്ശേരി കയ്മളെ ഭരതമേല്പിച്ചിട്ട 930 മതിലെയും 30 കാലം കഴിഞ്ഞു. പെരുമനത്ത പന്തീരടി പൂജക്ക ഏടയൂരനാട്ടിൽനിന്നും ചിലവ കെട്ടിവെക്കണം. ഏതിരേത്ത പൂജക്ക പയ്യൂക്കര ഇറമാട്ടിൽനിന്ന ചിലവ കെട്ടിവെക്കണം. മലപ്പുറത്ത മുറിച്ച വിക്കുന്ന മരത്തിന്ന മൂന്നപണം കുററിക്കാണവും രണ്ടുപണം ഏളന്തലക്കാണവുംകൂടി ഉള്ളതിൽ ഒരു പണം കാരാംകൂറകാര അനുഭവിക്കയും മലഞ്ചരക്കുകളും അഞ്ചിൽ ഒന്ന അനുഭവിച്ച ആന പിടിക്കുന്നതിന്ന കുഴികുത്തിപ്പിടിച്ച പെരുമനത്ത കൊണ്ടുവന്ന പന്തിയിൽ ആക്കുമ്പോളത്തിനും കാരാംകൂറകാര ചിലവിട്ട പന്തിയിൽ ആക്കി ഭാഷ പഠിപ്പിച്ച പുറത്തിറക്കിയ വിലയിൽ മൂന്നിൽ ഒന്ന കാരാംകൂറകാൎക്കും അനുഭവിച്ച കൊമ്പും വാലിയും ദേവന്ന ഏല്പിച്ച കൊടുക്കണം. പട്ടിക്കാട്ട ചുരത്തിലെ ചുങ്കം ഏഴുന്നാൽ മൂന്നിൽ ഒന്ന കോന്ത ഊരാളൎക്കും കാരാളൎക്കും പവുത്ത രണ്ടുകൂറ ദേവന ഏല്പിച്ചു. കൊടുക്കണം. ഇതിന്ന ചിററൂരെ കയ്യാരൻ ചക്കാലയ്ക്കലെ നായര അവണാവിലെ കയ്ക്കാരനും കരലെ നായര ഇരുന്നിരുന്ന മലയിലെ കാരാംകൂറ മരിയാദ. മലപ്പുറത്ത ആന പിടിച്ചാൽ തിരിച്ചുവെച്ച പ്രകാരം എഴുതിയ വരി:- കൊല്ലം 934-ാമത കൎക്കടകഞായററിൽ സാമൂരി പെരുമനത്ത ഇരിക്കുംപോൾ പുന്നത്തൂര മൂപ്പിലെയും അയിനിക്കൂററിൽ മൂത്ത നമ്പിടിയെയും പെരുമനത്ത എഴുന്നെള്ളിച്ച സാമൂരിയും ശേഷം ഉള്ള എല്ലാവരുംകൂടി കൂത്തമ്പലത്തിൽ ഇരുന്ന മലപ്പുറത്ത എല്ലാ ദിക്കിലും ചെല്ലേണ്ടതിന്നും അവിടെവെച്ച തമ്മിൽ വിവാദിക്കാതെ ഇരിക്കേണ്ടതിന്നും വിചാരിച്ച വിലങ്ങന്നൂര മനക്ക വടക്കോട്ട പുന്നത്തൂരനിന്നും കുഴികുത്തി പിടിക്ക എന്നും വിലങ്ങന്നൂര മനക്ക തെക്കോട്ട പാലപ്പിള്ളി മലയിൽ പുലിക്കണ്ണസ്വരൂപവും അയിനിക്കൂററിൽ നിന്നും കുഴികുത്തിച്ച പിടിക്കയെന്നും ആതിന്ന തെക്കോട്ടും കിഴക്കോട്ടും രണ്ട പരിഷയുംകൂടി ചെന്നുകൊള്ളുകയെന്നും വെച്ചിരിക്കുന്നു. പെരുമനം ഗ്രാമത്തിൽ കൎമ്മികളുടെ സഭയും സഭായോഗവും ഏരട്ടയപ്പന്റെ ക്ഷേത്രത്തിൽ അടിയന്തിരയോഗവും ഇങ്ങിനെ മൂന്ന സ്ഥാനമാക്കിട്ട നടെ വ്യാപിച്ചിരിക്കുന്നതിൽ കൎമ്മികളുടെ സഭായോഗം ബ്രഹ്മസ്വത്തിൽനിന്നും കൎമ്മങ്ങൾക്കും അധികാരമാകുന്നു. അതിന്ന മുമ്പും കയ്യും ഒപ്പും ഉള്ളന്നൂർ ഗ്രഹത്തിലെക്കും വെള്ളിയാട്ട ഗ്രഹത്തിലെക്കും ആക്കിവെച്ചിരിക്കുന്നു. സഭയിലെ കയ്ക്കാരായിട്ട അക്കരമുററത്തിൽ മൂത്തല്ലും കുട്ടത്തമുററത്തിൽ മൂത്തല്ലും അവർതമന്ന ആധാനം കഴിഞ്ഞാൽ മേടമാസത്തിൽ ചിത്തിരാടത്തുംനാൾ കൎമ്മികളെ ചാൎത്തുവാനും ബ്രഹ്മസ്വം പവത്തകൊടുപ്പിക്കാനും അധികാരിയാകുന്നു. ദേവന്റെ പവൃത്തിക്കുള്ള ബ്രഹ്മസ്വം ഇര മൂത്തതിന്മാൎക്കുതന്നെ അവകാശം. ആയതിൽ അക്കരമുററത്തിന്ന മുമ്പും കയ്യും സഭായോഗത്തിംകലെക്ക ഗ്രാമത്തിലും ക്ഷേത്രത്തിലും കാര്യമസ്ഥാനവും തിരു

വള്ളുക്കാവ ശാസ്താവെ പരദേവതയും തെക്കിനിയേടത്ത കിരങ്ങാട്ട നമ്പൂരിക്ക കയ്യും മുമ്പും ഒപ്പം സഭാ യോഗംകൂടി വിചാരിച്ച തെക്കിനിയേടത്ത കിരങ്ങാട്ട കല്പിച്ച നടത്തുകയും ശാലയും മേലരിയും യാഗത്തിന്ന കയ്യും സാധനരക്ഷയും അഞ്ചില്ലത്ത കമ്മന്മാരെയും ദൈവന്റെ അടിയാരെയും കൊണ്ട തെക്കിനിയേടത്ത കിരങ്ങാട്ട നടത്തിക്ക കീഴ്മരിയാദയാകുന്നത. സഭാ യോഗത്തുംകലെ കക്കാരായിട്ട മൂന്നടത്ത മൂത്തളും പിച്ചകശ്ശേരി മൂത്തളും ആയതിൽ മൂത്തത്ത മൂത്തതിന്ന മുമ്പും സകല കാര്യത്തിന്നും കയ്യും ആകുന്നത. തിരുവെള്ളക്കാവിൽ ശാസ്താവിന്റെ ചിലവിന്ന ദേവന്റെ വകയിൽനിന്നും കൊടുക്കണം. ഊരാണ്മക്കാർക്ക ക്ഷേത്രവിചാരവും ഇല്ല. ക്ഷേത്രകാര്യത്തിന്ന് യോഗിയാര അവരോധം കഴിഞ്ഞാൽ സഭാ യോഗത്തുംകലെയ്ക്കു വിരോധവും ഗുണദോഷവിചാരവും ആ പറവൂര് നമ്പൃാതിരിക്ക ക്ഷേത്രത്തിൽ സമുദായസ്ഥാനം ചെന്നപ്രകാരവും എളംകുററിക്കെ അകക്കോയ്മ സ്ഥാനം ;ചെന്നപ്രകാരവും വിവരം എഴുതിയ വരി: — നടെപന്നിയൂര് വെങ്ങാട്ടിരി നമ്പൂരിക്ക സമുദായസ്ഥാനവും അകക്കോയ്മ സ്ഥാനവും ആക്കിവെച്ച നടന്നുവന്നിരിക്കുംപോൾ യോഗിയാതിരി അവരോധത്തിന്ന തടവും വരുത്തി സഭാ യോഗത്തിംകൽ സമ്മതിക്കാതെ കണക്കകളും കൊടുപ്പിക്കാതെ.

ഹരി: ശ്രീ പരശുരാമമഹർഷി മാഹാത്മ്യത്തിലെശേഷം നീരക്കണ്ടതിന്ന പിതൃണി യോഗങ്ങൾ കേരളഭൂമി ഉണ്ടാക്കി 64 ഗ്രാമമാക്കി കല്പിച്ചതിൽ 32 ഗ്രാമം ഇളവും 32 ഗ്രാമം നമ്പൂതിരിമാരും ആകുന്നതിൽ മൂന്നഗ്രാമം പ്രധാനമായിട്ടുള്ളതിൽ പെരുമനം ഗ്രാമത്തിൽ ഗ്രാമാചാരം ദേശാചാരം ക്ഷേത്രമര്യാദ ഇത്യാദി ധർമ്മം നടത്തുന്നതിന്ന നമ്പി കിരങ്ങാട്ട നമ്പൂതിരിക്ക പ്രഭുത്വവും ഗ്രാമക്ഷേത്രമായ ഏരട്ടയപ്പൻ ക്ഷേത്രത്തിൽ ഊരാഴ്മയും ആക്കിവെച്ച നടന്നുവരുമ്പോൾ സാമൂരി രാജാവ ഒക്കി നമക്കകൊണ്ട ആയ്ത വിട്ടുകിട്ടണമെന്നുവെച്ച തെക്കിനിയേടത്ത് കിരാ (ങ്ങാ) ട മുതലായ ആഢ്യരും ശേഷമുള്ള നമ്പൂതിരിമാരുംകൂടി കോഴിക്കോട്ട തളികയിൽ ചെന്ന സാമൂരിയെ ബോധിപ്പിയ്ക്കുന്നതിന്ന ചിലര ആറമാസം സംവത്സരം രണ്ട സംവത്സരം നാലെ സംവത്സരം എട്ട സംവത്സരം പന്തീരാണ്ട ഇങ്ങിനെ വളരെ ബുദ്ധിമുട്ടി താമസിച്ചിട്ടും മങ്ങാട്ട മേനവന്റെ ഉപായത്താൽ സാമൂരിയെ കാണണ്ടതിന്നപോലും എടവരുത്തായ്കയാൽ എല്ലാവരും മടങ്ങിപ്പോന്നതിന്റെ ശേഷവും തെക്കിനിയേടത്ത കിരാങ്ങാട്ടും തെമാരി വല്ലച്ചിറെ അവണാവും കൂടി പിന്നെയും സാമൂരിയെ കണ്ടല്ലാതെ പോരികയില്ലെന്നുവച്ച പന്തീരാണ്ടുകാലം താമസിച്ചുവരുംപോൾ തെക്കിനിയേടത്ത കിരാങ്ങാടിന്റെ തപശ്ശക്തി കാര്യസാധനത്തിംകലെ നിഷ്ഠകൊണ്ടും സാമൂതിരിയ്ക്കു സാമാന്യത്തിലധികം ശങ്ക ഉണ്ടാകയാൽ ഏതുപ്രകാരത്തിലെങ്കിലും തെക്കിനിയേടത്ത കിരങ്ങാട്ടിനെ അക്കരെയ്ക്കണ്ട ഉപായങ്ങൾ മങ്ങാട്ട മേനവനായിട്ട കൂടി വിചാരിച്ച തെക്കിനിയേടത്ത കിരങ്ങാട്ടിനെ അപ്രദേശത്ത എഴിമുള്ളും തിയ്യ കൊടുക്കരുതെന്നും അങ്ങാടിക്കാരവുകളിൽ അരി കറിസാധനങ്ങൾ ഉപ്പ് മുളക് മുതലായ്ത ഒന്നും തന്നെ കൊടുത്തുപോകരുതെന്നും മററും മങ്ങാട്ട മേനവൻ വിരോധിച്ചതിനാൽ കോപ്പുകൾ ഒന്നുംതന്നെ വില കൊടുത്താൽ കിട്ടാത്തതിനാൽ സാമാന്യത്തിലധികം ബുദ്ധിമുട്ടായി വന്നതിന്റെ ശേഷം അന്നേദിവസം വല്ലച്ചിറ അവണാവു ഭക്ഷണത്തിന്ന വട്ടംകൂട്ടുവാൻ പാടില്ലാതെ ഇരിയ്ക്കുംപോൾ തെക്കിനിയേടത്ത കിരങ്ങാട്ട പ്രാതസ്സ്നാനം ജപഹോമതർപ്പണാദി ദേവകാര്യങ്ങൾ സകലവും കഴിച്ച മാദ്ധ്യന്ദിന സ്നാനവും കഴിഞ്ഞ ഭക്ഷണത്തിന്നായിട്ട ചെന്നാരെ അട്ടിവസം ഉണ്ടായ വിശേഷവർത്തമാനങ്ങൾ ഒക്കെയും വല്ലച്ചിറെ അവണാവു പറഞ്ഞുകേട്ടതിന്റെ ശേഷം കലവറയിൽ എന്തുള്ളുവെന്ന ചോദിച്ചപ്പോൾ ഒരു ചേനയും രണ്ട എലക്കഷ്ണവും തന്നെ ഉള്ളുവെന്ന പറഞ്ഞതിന്റെ ശേഷം ആയ്ത എടുത്തുകൊണ്ടുവരത്തക്കവണ്ണം പറഞ്ഞു കൊണ്ടുവന്ന തൊലിചെത്തിക്കളഞ്ഞ മണ്ഡപത്തിൽ ഒരു ഇലയിൽ വച്ച തെക്കിനിയേടത്ത കിരങ്ങാട്ട മററ എലകൊണ്ട അടച്ച ശ്രീകോവിലകത്തുനിന്ന ശംകിലെ വെള്ളം കയ്യിൽ എടുത്തുകൊണ്ടുവന്നു ജപിച്ച മുകളിലെ എലപ്പുറത്ത തളിച്ച എല ഇറന്ന സമയം വഴിപോലെ വെന്ത പുകഞ്ഞു കാണുകയും പിന്നത്തതിൽ ആയ്ത ഭക്ഷിപ്പാൻ ഭാവിച്ചതിന്റെ ശേഷം ഈയവസ്ഥ ഒക്കെയും മങ്ങാട്ടേ മേനവൻ മറഞ്ഞുനിന്ന കണ്ടതിന്റെ ശേഷം ഇദ്ദേഹം ഈ സ്വരൂപത്തെ തപശ്ശക്തികൊണ്ട ദഹിപ്പിക്കുമെന്നുവച്ച വേഗന്ന സമീപത്തചെന്ന തിരുമനസ്സുകൊണ്ട ഇത അമരത്ത ചെയ്യരുതെന്നും വേണ്ടുംകോപ്പുകൾ. ഇവിടെത്തരാമെന്നും ഭക്ഷണംകഴിഞ്ഞുടനെ കാര്യങ്ങൾ എന്തെങ്കിലും സാധിപ്പിക്കാമെന്നും പറഞ്ഞാറെ കോപ്പുകൾ ഒന്നും കിട്ടിക്കയില്ലെന്നും ഞാൻ പരാന്നംഭക്ഷിക്കാറില്ലെന്നും വില കൊടുത്താൽ കോപ്പുകൾ കൊണ്ടുതരിച്ച തന്നാൽ മതിയെന്നു പറഞ്ഞപ്പോൾ വേഗന്ന വില വാങ്ങിച്ച കോപ്പുകൾ കൊണ്ടുതരിച്ച കൊടുത്തതിന്റെ ശേഷം വച്ച ഭക്ഷണം കഴിഞ്ഞുടനെ സാമൂതിരിയും മങ്ങാട്ട മേനവനുംകൂടി അമ്പലത്തിൽ വന്ന സാമൂരി തെക്കിനിയേടത്ത കിരങ്ങാടിനോട എന്ന എഴുന്നള്ളിയതും എന്തിനായിട്ട എഴുന്നള്ളിയതും ചോദിച്ചപ്പോൾ ഞാൻ പന്തീരാണ്ടായി ഇവിടെ വന്ന താമസിക്കുന്നുവെന്നും കാണ്മാൻ എടവന്നില്ലായെന്നും നമ്പി കിരങ്ങാടിന്റെ വസ്തു മുതലുകളും പെരുമനത്ത ഊരാഴ്മയും സാമൂരികയ്യേറിയിരിക്കുന്നത വിട്ടുതരണമെന്നും പറഞ്ഞപ്പോൾ നമ്പി കിരാങ്ങാടും തെക്കിനിയേടത്ത കിരാങ്ങാട്ടുമായി പണ്ടുംപുലയുണ്ടായെന്ന സാമൂരി ചോദിച്ചപ്പോൾ ഇനിക്കും നമ്പി കിരാങ്ങാടിനും പുലപത്തുതന്നെയെന്ന തെക്കിനിയേടത്ത കിരാങ്ങാട പറഞ്ഞാറെ ശേഷമൊന്നും മിണ്ടാതെ സാമൂരി നമ്പികിരാങ്ങാടിന്റെ വകവസ്തു മുതലുകളും ഊരാഴ്മയും കൂടി തെക്കിനിയേടത്ത കി

